

കുടുംബം
FLOWERS MAGAZINE
OCTOBER 2020-SEPTEMBER 2021
തിരുവോണ ദിനത്തിൽ റേറ്റിംഗിൽ ഒന്നാമതെത്തി
ഫ്ളവേഴ്സ്
പുരസ്കാര നിറവിൽ ട്വന്റിഫോർ
24 TWENTY FOUR
NO:1 ELECTION CHANNEL
മീഡിയ കപ്പ് ഫ്ളവേഴ്സിന്


കേരളത്തിന്റെ
വാർത്താഘടികാരമായി
24
TWENTY FOUR
www.twentyfournews.com




Editorial Team
UNNIKRISHNAN C.
ARAVIND.V
AMARAVILA SATHEESH
RAJESH R. NATH
MUKESH MANOHAR
ANU GEORGE

Layout Design
NITHIL BESTO
SUJESH A. K.
VINEED ANCHAL
ADARSH SUDARSANAN

Co-ordination & Publishing
SANEESH MELAPAT
JIBY M VARGHESE
REMYA THOMAS
AKHILA SASIDHARAN

## സർഗ സൃഷ്ടികൾ ക്ഷണിക്കുന്നു.

ഈ പേജുകൾ മറിക്കുമ്പോൾ ഒരു കവിയോ കഥാകൃത്തോ ചിത്രകാരനോ ആകുവാൻ നിങ്ങൾക്കും തോന്നുന്നില്ലേ ? നിങ്ങളുടെ സാഹിത്യ-ചിത്രരചനകൾക്ക് ഇവിടെ ഇടമൊരുക്കുന്നു. അടുത്ത ലക്കത്തിലേക്കുള്ള ചെറുകവിതകൾ, ചെറുകഥകൾ, കാർട്ടൂണുകൾ, കാരിക്കേച്ചറുകൾ, സ്വന്തമായി പകർത്തിയ ഫോട്ടോകൾ എന്നിവ അയച്ചു തരിക. വരും ലക്കങ്ങളിൽ നമ്മുടെകുടുംബാംഗങ്ങളുടെ സൃഷ്ടികളും ഉൾപ്പെടുത്തുന്നതായിരിക്കും. എല്ലാവർക്കും അവസരം നൽകുന്നതിനായി രചനകളുടെ ദൈർഘ്യം കഴിയുന്നതും കുറയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ...!

---

mail to : kudumbam@flowerstv.in

## ജനകോടികൾ ഏറ്റുവാങ്ങിയ

# ഫ്ളവേഴ്സ്
# ഒരു കോടി

ടെലിവിഷൻ ക്വിസ് ഷോകളിൽ
മാറ്റത്തിന്റെ പുതിയ ഫോർമാറ്റുമായാണ്
ഫ്ളവേഴ്സ് ഒരു കോടിയുടെ തുടക്കം.
സാങ്കേതിക വിദ്യയും
സാധാരണക്കാരന്റെ സങ്കടങ്ങളും
സന്തോഷങ്ങളുമെല്ലാം
സംഗമിക്കുകയായിരുന്നു വിഷ്വൽ
മാജിക്കിന്റെ ഈ വിശാല വേദിയിൽ.

മത്സരാർത്ഥികൾ മാത്രമല്ല കുട്ടേട്ടനും
കുഞ്ഞിരാമനുമെല്ലാം ഫ്ളവേഴ്സ്
ഒരു കോടിയിലൂടെ മലയാളികൾക്ക്
പ്രിയപ്പെട്ടവരായി.

ആർ.ശ്രീകണ്ഠൻ നായരാണ്
മലയാളികളുടെ വിരുന്നു മുറികളിൽ
വിജ്ഞാനത്തിന്റെയും
വിനോദത്തിന്റെയും വിസ്മയം
സമ്മാനിച്ച ഈ ടെലിവിഷൻ ഷോയുടെ
അവതാരകൻ.

രാഗേഷ് പനയാലാണ് ഷോ ഡയറക്ടർ.
പോൾ മൈക്കാവാണ് ഡി.ഒ.പി.



**എല്ലാദിവസവും**
**രാത്രി 9 മണിക്ക്**
**ഫ്ളവേഴ്സിൽ**

സംപ്രേക്ഷണ തുടക്കം : 2021 ഓഗസ്റ്റ്


### കൊവിഡ് ആശങ്കയ്ക്കിടയിലെ

# ടെലിവിഷൻ ടെൻഷനുകൾ


വർഷങ്ങളുടെ ദൃശ്യമാധ്യമജീവിതത്തിൽ ഞാൻ കൂടുതൽ സമയവും
ക്യാമറയ്ക്ക് പിന്നിലായിരുന്നു.എഡിറ്റ് സ്യൂട്ടുകളിലെ ശാന്തതയിൽ
നിന്നും പ്രോഗ്രാം പോരാട്ടത്തിന്റെ വിശ്രമമില്ലാത്ത തിരക്കുകളിലെത്തിയ
എന്റെ ജീവിതത്തിൽ ഏറ്റവും വെല്ലുവിളികൾ നിറഞ്ഞ ദിനങ്ങളായിരുന്നു
കൊവിഡ് കാലത്തെ ടെലിവിഷൻ പ്രൊഡക്ഷൻ.
എല്ലാ സഹപ്രവർത്തകർക്കും സുരക്ഷിതത്വം
ഉറപ്പുവരുത്തുവാനായിരുന്നു ആശങ്കയുടെ ദിനങ്ങളിൽ ആദ്യത്തെ ശ്രമം.
പരിശോധനകൾക്കും ആവശ്യമെങ്കിൽ ആരോഗ്യ സുരക്ഷയ്ക്കും
ഈ പ്രതിസന്ധി കാലത്തിന്റെ തുടക്കം മുതൽ തന്നെ അവസരമൊരുക്കി.
ടോപ് സിംഗറിന്റെ ഗ്രാന്റ് ഫിനാലെ ആയിരുന്നു കൊവിഡ് കാലത്തെ
വലിയൊരു വെല്ലുവിളി. വിജയകരമായി അത് അതിജീവിക്കാനായി.
തുടർന്ന് ലാലേട്ടന്റെ സ്പെഷ്യൽ പ്രോഗ്രാം. അതും നന്നായി നടന്നു.
ഓണക്കാലത്തെ ചാനൽ മത്സരത്തിൽ ഫ്ളവേഴ്സിനെ വീണ്ടും
ഒന്നാമതെത്തിച്ച ചാക്കോച്ചൻ സ്പെഷ്യൽ സ്റ്റാർമാജിക്കും
ടെൻഷനുകൾക്കിടയിലും ആശ്വാസവും അഭിമാനവും സമ്മാനിച്ചു.
ക്യാമറയും, എഡിറ്റും, ഓഡിയോയും ഗ്രാഫിക്സും, ട്രാഫിക്കും,
മാർക്കറ്റിംഗും, മേക്കപ്പും തുടങ്ങി ഡ്രൈവർമാർ ഉൾപ്പടെ
എല്ലാവരും ഒപ്പം നിന്ന ദിനങ്ങൾ അവരുടെ കരുത്തിലാണ്
ഫ്ളവേഴ്സ് ഒരു കുടുംബമായി
മുന്നോട്ട് കുതിക്കുന്നത്.
എല്ലാവർക്കും നന്ദി....



**അനിൽ അയിരൂർ**
(Group chief operating officer )



# WORLD ROUND-UP



ലോകരാജ്യങ്ങളിൽ സാന്നിദ്ധ്യമറിയിച്ച മലയാളികൾക്ക് ലോകവാർത്തകളോട് താത്പര്യമുണ്ടാവുക സ്വാഭാവികം. ലോക വാർത്തകൾക്ക് മാത്രമായി അരമണിക്കൂർ നേരം ട്വന്റി ഫോറിൽ മാറ്റിവച്ചപ്പോൾ പ്രേക്ഷകരുടെ പ്രതീക്ഷകളും സഫലമായി.

പത്രപ്രവർത്തന-ദൃശ്യമാധ്യമരംഗത്തെ വർഷങ്ങളുടെ പരിചയ സമ്പത്തുമായി ട്വന്റിഫോർ എഡിറ്റർ ഇൻ ചാർജ് പി.പി ജെയിംസാണ് വേൾഡ് റൗണ്ടപ്പിന്റെ അവതാരകൻ. ലോക സംഭവവികാസങ്ങൾ കൃത്യമായി നിരീക്ഷിച്ച് നിഷ്പക്ഷമായി അവതരിപ്പിക്കുന്നതാണ് വേൾഡ് റൗണ്ടപ്പിന്റെ പ്ലസ് പോയിന്റ്. റിസർച്ചിലൂടെ ഷംസുവും പ്രോഗ്രാം പ്രൊഡ്യൂസറായി ഗ്രീജിത്തും ലോകത്തിലേക്ക് വാർത്താവിശകലനത്തിന്റെ വാതിലുകൾ തുറക്കുന്ന ഈ പരിപാടിയുടെ അണിയറയിലുണ്ട്.

# ആശങ്കയുടെ നാളുകളിലും
# അഭിമാനത്തോടെ....

ഇൻസൈറ്റ് മീഡിയ സിറ്റി ഒരു വലിയ കുടുംബമാണ്.
പരസ്പരം അറിയുന്ന ഈ കുടുംബത്തിന്റെ അഭിമാനമാണ്
ഫ്ളവേഴ്സ്, ട്വന്റിഫോർ ചാനലുകളിലെ ഓരോ അംഗങ്ങളും.
ഈ കുടുംബാംഗങ്ങളുടെ ക്ഷേമമാണ് HR വിഭാഗത്തിന്റെ
കടമയും കർത്തവ്യവും.
കൊവിഡ് പ്രതിസന്ധികാലത്ത് പതിവായി നടത്താറുള്ള കുടുംബ
സംഗമങ്ങൾ മുടങ്ങിയെങ്കിലും ഓരോ കുടുംബത്തിനുമൊപ്പം
കരുതലായി ഞങ്ങളുണ്ടായിരുന്നു. കൊവിഡ് ബാധിതർക്ക്
കൃത്യമായ ഭക്ഷണവും സുരക്ഷിതമായ താമസവും ഒരുക്കാൻ
ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ന്യൂസ് ചാനലിന്റെ എല്ലാ ജില്ലാ
ബ്യൂറോകൾക്കും ഈ പ്രതിസന്ധികാലത്ത് സഹായഹസ്തമാകുവാൻ
HR വിഭാഗത്തിന് സാധിച്ചിട്ടുണ്ട്. ജീവനക്കാരെ മാത്രമല്ല
അകലെയുള്ള കുടുംബാംഗങ്ങളെയും ആശങ്കയുടെ നാളുകളിൽ
കൈവിട്ടില്ല എന്നതിൽ കടമയുടെ കൃതജ്ഞത കൂടിയുണ്ട്.
ടെലിവിഷൻ ചാനൽ രംഗത്തെ വാശിയേറിയ മത്സരത്തിന്റെ
മുന്നിലും നമുക്ക് തലയുയർത്തി നിൽക്കാൻ കഴിയുന്നത്
സഹപ്രവർത്തകരുടെ ആത്മാർത്ഥമായ കൂട്ടായ്മയിലൂടെയാണ്.
കൊവിഡ് വ്യാപനത്തിന്റെ ആദ്യ ഘട്ടത്തിൽ പൂർണ്ണമായ അടച്ചിടൽ
നിലവിൽ വന്നപ്പോൾ 4 മാസത്തോളം വീട്ടിൽപോലും പോകാതെ
ചാനൽ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന സ്റ്റാഫുകളുമുണ്ട്.
പ്രതിസന്ധിക്കിടയിലും കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച്
പരിമിതമായെങ്കിലും ആഘോഷങ്ങൾ
നടത്തുന്നതിനും അതിൽ പരമാവധി ജീവനക്കാരെ
പങ്കെടുപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.
എല്ലാ ജീവനക്കാർക്കും കരുതൽ ഉറപ്പുവരുത്താനുള്ള
നിരന്തര ഓട്ടത്തിനിടയിലും ഉത്തരവാദിത്തങ്ങളിൽ
വീഴ്ച വരുത്തിയിട്ടില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം.



**സനീഷ് മേലേപ്പാട്ട്**
( Assistant General Manager-
Human Resources )

# കൊറോണക്കാലത്തെ കോ - ഓർഡിനേഷൻ

ടെലിവിഷൻ ചർച്ചകൾക്കായി അതിഥികളെ കണ്ടെത്തുകയും അവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ചെയ്യുകയായിരുന്നു കൊവിഡ് ആശങ്കയുടെ കാലത്തെ കോ-ഓർഡിനേഷനിൽ നേരിട്ട പ്രധാന വെല്ലുവിളി. അവതാരകരുടെയും ന്യൂസ് ഡെസ്കിന്റെയും സഹകരണവും, ബ്യൂറോ പ്രതിനിധികൾ, റീജണൽ ഹെഡുമാർ, വിവിധ ജില്ലകളിലെ ബ്യൂറോ ക്യാമറ ടീം, ഡ്രൈവർമാർ എന്നിവരുൾപ്പടെ നൽകിയ പിന്തുണയുടെയും പിൻബലത്തിൽ ലോക്ഡൗൺ ദിവസങ്ങളിൽ പോലും ഗസ്റ്റ് കോ-ഓർഡിനേഷൻ നന്നായി നടത്താനായി. വാഹന പ്രതിസന്ധി നേരിട്ട ഒരുദിവസം എം.സ്വരാജിനെ ക്ഷണിക്കാൻ നേരിട്ട് എന്റെ വാഹനത്തിൽ പോയ അനുഭവം ഓർമ്മിക്കുന്നു. ഫോണിലൂടെയും നേരിട്ടും അദ്ദേഹവുമായി നല്ല പരിചയമുള്ള ഞാൻ മാസ്ക് വച്ചിരുന്നതിനാൽ വിളിക്കാൻ ചെന്നപ്പോൾ എന്നെ തിരിച്ചറിഞ്ഞില്ല. എന്നോടൊപ്പം അമരൻ ചേട്ടനും ഉണ്ടായിരുന്നതിനാൽ സംസാരം അവർ തമ്മിലായി. ചർച്ചകഴിഞ്ഞ് തിരിച്ച് കൊണ്ടുവിടാൻ നേരത്താണ് 'സുരേഷായിരുന്നോ കാറുമായി വന്നത്' എന്ന ചോദ്യത്തോടെ എം.സ്വരാജ് എന്നെ തിരിച്ചറിഞ്ഞത്. ഫ്ളാറ്റിലേക്ക് വന്നാൽ ഒരു ചായകുടിച്ച് മടങ്ങാമെന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഗസ്റ്റ് കോ-ഓർഡിനേഷൻ എന്ന ഉത്തരവാദിത്തം നൽകുന്ന സൗഹൃദങ്ങളുടെ മഹത്വം ഞാൻ തിരിച്ചറിഞ്ഞു. അതിഥികളോട് ഏറ്റവും മര്യാദയോടെ പെരുമാറുന്ന ചാനൽ ട്വന്റിഫോറാണെന്ന് ഒരു പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ സംസ്ഥാന ആസ്ഥാനത്തുനിന്നും അഭിപ്രായപ്പെട്ടതും വ്യക്തിപരമായല്ല എന്റെ സ്ഥാപനത്തിന് ലഭിച്ച അംഗീകാരമായി കരുതുന്നു.



**സുരേഷ് വിലങ്ങറ**
കോ-ഓർഡിനേറ്റർ,
ട്വന്റിഫോർ




# കൂടത്തായി

(സംപ്രേക്ഷണം 2020 ഓഗസ്റ്റ് മുതൽ
2020 നവംബർ വരെ )



മലയാളത്തിലെ
ആദ്യ ചലച്ചിത്ര പരമ്പരയെന്ന
വിശേഷണത്തിനർഹമായ 'കൂടത്തായി'
മിനിസ്ക്രീൻ പ്രേക്ഷകർക്ക് വേറിട്ടൊരു
കാഴ്ചാനുഭവമായിരുന്നു. തുടക്കം മുതൽ
പ്രേക്ഷകരെ സസ്പെൻസിന്റെ മുൾമുനയിൽ
നിർത്തിയ ഈ ചലച്ചിത്ര പരമ്പര ദൃശ്യ
മികവുകൊണ്ടും ആഖ്യാന ഭംഗി കൊണ്ടും
വളരെ ഉയരത്തിലാണ്. ഡോളി എന്ന
കഥാപാത്രമായി ചലച്ചിത്രതാരം മുക്തയുടെ
പകർന്നാട്ടം പ്രേക്ഷകർ അമ്പരപ്പ് നിറഞ്ഞ
കണ്ണുകളിലൂടെയാണ് വീക്ഷിച്ചത്.
കരുത്തുറ്റ തിരക്കഥയും,
സംവിധാനമികവും, മികച്ച
ഛായാഗ്രഹണവും,
പുത്തൻ എഡിറ്റിംഗ് രീതികളും
ഈ പരമ്പരയെ പതിവ് ടെലിവിഷൻ
പരമ്പരകളിൽ നിന്ന് വേറിട്ട് നിർത്തി.
ആർ. ശ്രീകണ്ഠൻ നായരുടെ
രചനയിൽ ഗിരീഷ് കോന്നി
ഒരുക്കിയ 'കൂടത്തായി'
നമ്മുടെ നാട്ടിൽ ഇന്ന് വരെ
പറയാത്ത കഥാ പരിസരങ്ങളെയാണ്
മലയാളത്തിൽ പരിചയപ്പെടുത്തിയത്.
ട്വിസ്റ്റുകളുടെ ഘോഷയാത്രയുമായി
ടെലിവിഷൻ പ്രേമികളുടെ ഇടനെഞ്ചിൽ
ശ്വാസമിടിപ്പിന്റെ പെരുമ്പറ മുഴക്കിക്കിയ
പരമ്പരയായിരുന്നു കൂടത്തായി



റഫീഖ് മട്ടാഞ്ചേരി
അഡ്മിനിസ്ട്രേഷൻ
ഫ്ളവേഴ്സ്



# ഈ മഴ പൂമഴയിൽ നനയാൻ ഒരു മോഹം

ഈ മഴ പൂമഴയിൽ നനയാൻ ഒരു മോഹം
ഈ കുളിർ തേൻ നുകരാൻ എനിക്കൊരു ദാഹം
(ഈമഴ)

മധുമാസം തൂകും പുതുമഴയിൽ എൻ
പ്രണയനിലാവിനെ കണ്ടു
നിൻ വിരൽ തുമ്പിൽ ഏകാകിനിയായ്
എന്റെ വികാരമുണർന്നു
ആ ലാളനയിൽ ഞാനലിഞ്ഞു ദേവാ
രതിസുഖസാരേ ഞാനറിഞ്ഞു
(ഈമഴ)

ചിറകാർന്ന സ്വപ്നത്തിൽ ഞാൻ പറന്നു
ഈ മണലിന്റെ മാറിൽ നാം തളർന്നു
നീല നിശീഥിനി നമുക്കായി നിവർത്തി
ചൈത്ര നിലാവിൻ തൽപം
ആ ലാളനയിൽ ഞാനലിഞ്ഞു ദേവാ
രതിസുഖസാരേ ഞാനറിഞ്ഞു
(ഈമഴ)

ചിരിയും ചിന്തയും സ്നേഹവും നിറച്ച
പരിപാടികളിലൂടെ പ്രേക്ഷക പ്രീതിനേടിയ
ഫ്ളവേഴ്സ്. അവതരണത്തിലെ വ്യത്യസ്ഥത
യ്ക്കൊപ്പം സാങ്കേതിക മികവിലും മുന്നിട്ട്
നിൽക്കുന്ന് ചാനലാണ്.
പുത്തൻ സാങ്കേതിക വിദ്യയിലൂടെ മലയാളികളുടെ
സ്വീകരണ മുറിയിൽ ദൃശ്യവിസ്മയം
ഒരുക്കുന്ന ഫ്ളവേഴ്സ് ഇന്ത്യയിൽ തന്നെ
ആദ്യമായി 12 കെ വിസ്താര പ്രൊഡക്ഷൻ
സാങ്കേതിക വിദ്യയിലൂടെ ചിത്രീകരണം
സാധ്യമാക്കിയ റെക്കോർഡും സ്വന്തമാക്കികഴിഞ്ഞു
ഫ്ളവേഴ്സ് തന്നെ വികസിപ്പിച്ചെടുത്ത
വിസ്താര ടെക്നോളജിയോടൊപ്പം
വീഡിയോ മാപ്പിംഗ് കൂടി
പ്രയോജനപ്പെടുത്തിയാണ്
ഈ പുതിയ സാങ്കേതിക
വിദ്യയിലൂടെ ദൃശ്യവിസ്മയം
സാധ്യമാക്കുന്നത്.
ഇതിലൂടെ സാധ്യമായിരിക്കുന്നത്
ഹൈക്വാളിറ്റി
വിഷ്വൽ എക്സ്പീരിയൻസാണ്
കൊച്ചിയിലെ ഫ്ളവേഴ്സ്
സ്റ്റുഡിയോയിൽ
തയാറാക്കിയ 120×90
അടി ഷൂട്ടിംഗ് ഫ്ളോറിൽ
28×120 അടി
വിസ്താരത്തിൽ മൂന്ന്
വീഡിയോ വാൾ ഉപയോഗിച്ചാണ്
ചിത്രീകരണം നടത്തുന്നത്. മൾട്ടിക്യാമറ
പ്രൊഡക്ഷനായി ഇന്ത്യയിലെ തന്നെ
ഉപയോഗിക്കുന്ന ഏറ്റവും വലിയ
വീഡിയോ വാളാണ് ഇത്.

**സംപ്രേക്ഷണ തുടക്കം : 2019 മേയ്**






ഇൻസൈറ്റ് മീഡിയാ സിറ്റി സിഒഒ അനിൽ അയിരൂരിന്റെ നേതൃത്വത്തിൽ വൈസ് പ്രസിഡന്റ് സിന്ധു ശ്രീധർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമാരായ ഗോപൻ ജി, അനൂപ് ജോൺ, ഡിഒപി ബിജു കെ കൃഷ്ണൻ, പ്രമോദ് രാജ്, ചീഫ് ക്യാമറമാൻ അജി പുഷ്കർ, ചീഫ് മാനേജർ (ടെക്നിക്കൽ) ശരത് പാലക്കടവത്ത്, സീനിയർ മാനേജർ ടെക്നിക്കൽ ശ്രീലാൽ എസ്, ഗ്രാഫിക്സ് സ്പെഷ്യലിസ്റ്റ് ഉമേഷ് എഎൻ എന്നിവർ ഉൾപ്പെടുന്ന ടീമാണ് ചിത്രീകരണത്തിന് നേതൃത്വം നൽകുന്നത്. സമ്മി സാമുവൽ, അനൂപ് ആർ കൃഷ്ണൻ എന്നിവരുടെ ഉടമസ്ഥതയിൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സെവൻ എന്റർടൈൻമെന്റാണ് ടീമിനെ പിന്തുണച്ചത്. ഫ്ളവേഴ്സ് ടിവിയിൽ സംപ്രേക്ഷണം ചെയ്യുന്ന സ്റ്റാർ മാജിക് വേദി ഈ വിദ്യ പ്രയോജനപ്പെടുത്തിയാണ് ചിത്രീകരണം നടത്തുന്നത്. തിങ്കൾ മുതൽ വ്യാഴം വരെ രാത്രി 8 മണിക്ക് സ്റ്റാർ മാജിക് പരിപാടി സംപ്രേക്ഷണം ചെയ്യുന്നത്. ആസ്വാദനത്തിന്റെ വേറിട്ട ഭാവമാണ് ഈ പരിപാടി പ്രേക്ഷകർക്ക് സമ്മാനിക്കുന്നത്.




# തിരുവോണ ദിനം




ഫ്ളവേഴ്സ് ടോപ് സിംഗർ ഗ്രാൻഡ് ഫിനാലെ മാരത്തോൺ ആയിരുന്നു തിരുവോണ ദിനത്തിലെ പ്രധാന ആകർഷണം. മലയാളി പ്രേക്ഷകരുടെ ഹൃദയ താളങ്ങൾ കീഴടക്കിയ ഫ്ളവേഴ്സ് ടോപ് സിംഗറിലെ കുട്ടിപ്പാട്ടുകാർ തിരുവോണ ദിനത്തിലും പാട്ടു വിസ് മയങ്ങൾ തീർത്തു. വിധികർത്താക്കൾക്കൊപ്പം രമേഷ് പിഷാരടി, ഭാവന, മുകേഷ് എന്നിവർകൂടി എത്തിയതോടെ തിരുവോണ ദിന പാട്ടുവേദി കൂടുതൽ മനോഹരമായി.

സംഗീതലോകത്ത് പാട്ടിന്റെ പാലാഴി കടഞ്ഞെടുക്കുന്ന കുരുന്നു പ്രതിഭകളെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പരിപാടിയാണ് ഫ്ളവേഴ്സ് ടോപ് സിംഗർ. തിരുവോണ ദിനത്തിൽ ഫ്ളവേഴ്സ് ടോപ് സിംഗറായി സുവർണ കിരീടം ചൂടിയത് സീതാലക്ഷ്മി. തുളസി ബിൽഡേഴ്സ് നൽകുന്ന 50 ലക്ഷം രൂപയുടെ ഫ്ളാറ്റാണ് സീതാലക്ഷ്മിക്ക് ലഭിച്ചത്. രണ്ടാം സമ്മാനം തേജസും മൂന്നാം സമ്മാനം വൈഷ്ണവി പണിക്കരും നാലാം സമ്മാനം അദിതി ദിനേശ് നായരും കരസ്ഥമാക്കി. ടോപ് സിംഗറിൽ മാറ്റുരച്ച എല്ലാ കുരുന്ന് ഗായിക പ്രതിഭകൾക്കും സമ്മാനങ്ങൾ നൽകി എന്നതാണ് ഗ്രാൻഡ് ഫിനാലേയിലെ മറ്റൊരു ആകർഷണം.

അതിമനോഹരമായ ആലാപനം, നിഷ്കള ങ്കത തുളുമ്പുന്ന കുട്ടിവർത്തമാനങ്ങൾ, തുടങ്ങി പ്രേക്ഷകർക്ക് ആസ്വാദനത്തിന്റെ വേറിട്ട ഭാവങ്ങൾ സമ്മാനിക്കുന്ന പരിപാടിയാണ് ഫ്ളവേഴ്സ് ടോപ് സിംഗർ. കുരുന്നു ഗായകർ മലയാള മനസ്സുകളിൽ ചേക്കേറിയപ്പോൾ സംഗീതലോകത്തിന് ലഭിച്ചത് പകരം വയ്ക്കാനില്ലാത്ത ഗായക പ്രതിഭകളെക്കൂടിയാണ്. ഫ്ളവേഴ്സ് ടോപ് സിംഗർ സീസൺ 2 മികച്ച കുട്ടി ഗായകന്മാരുമായി ജൈത്രയാത്ര തുടരുന്നു.



POWERED BY
ജയസൂര്യ

# ഓണക്കാഴ്ചകളിൽ നിറഞ്ഞാടിയ

# ജയസൂര്യ മാജിക്

മലയാളത്തിന്റെ ജനകീയ നായകൻ ജയസൂര്യ അതിഥിയായെത്തിയ ഓണം സ്പെഷ്യൽ സ്റ്റാർ മാജിക് പ്രേക്ഷക ഹൃദയങ്ങൾ അക്ഷരാർത്ഥത്തിൽ കീഴടക്കി. ഒരു സിനിമാ സ്റ്റൈൽ എൻട്രിയായിരുന്നു ജയസൂര്യയ്ക്കായി ടെലിവിഷൻ സ്ക്രീനിലെ ഈ സൂപ്പർ ഹിറ്റ് ഷോയിലേയ്ക്ക് അണിയറ പ്രവർത്തകർ ഒരുക്കിയത്.  സ്റ്റാർ മാജിക് താരങ്ങൾക്കൊപ്പം ആടിയും പാടിയും വടം വലിച്ചും ജയസൂര്യ ഈ ഓണദിനങ്ങളെ ഉത്സവ മേളത്തോടെ അവിസ്മരണീയമാക്കി. ജനപ്രീതി നേടിയ ടെലിവിഷൻ ഷോകളുടെ അമരക്കാരനായ അനൂപ് ജോണാണ് സ്റ്റാർ മാജിക് ഷോയുടെ ഡയറക്ടർ.

ഡി.ഒ.പി. ടി.ഡി. ശ്രീനിവാസ്



# വാർത്തകൾക്കപ്പുറം വർണ്ണാഭമായ തിരുവോണം

തിരുവോണദിനത്തിന്റെ തിരുവരങ്ങിൽ 24 ലെ വാർത്താ താരങ്ങൾ ആടിയും പാടിയും നിറഞ്ഞുനിന്നപ്പോൾ ഓണാഘോഷം അവിസ്മരണീയമായി. **12 K** വിസ്താരയുടെ സാങ്കേതിക മികവിൽ 24 ന്റെ ഓണാഘോഷം തൽസമയ വിസ്മയമായാണ് തിരുവോണ പുലരിയിൽ പ്രേക്ഷകർക്ക് മുന്നിലെത്തിയത്. ഗൗരവമുള്ള വാർത്താവതരണത്തിൽ മാത്രം കണ്ടു പരിചയിച്ച മുഖങ്ങൾ പാട്ടുകാരും നർത്തകരുമായി അരങ്ങിലെത്തിയതോടെ 24 ന്റെ തിരുവോണം പ്രേക്ഷകർക്ക് അവിസ്മരണീയമായ ഒരു അനുഭവമായി.



# കഥ കടങ്കഥ
## TREND OR TRUTH

കേരള രാഷ്ട്രീയത്തിലെയും പൊതുജീവിതത്തിലെയും വഴിത്തിരിവുകളിലേക്ക് വെളിച്ചം വീശുകയായിരുന്നു കഥ കടങ്കഥ. അവതരണത്തിന്റെ ഗവേഷണത്തിനൊപ്പം കാഴ്ചകളിലെ ഗ്രാഫിക്സ് പുതുമകളും കഥ കടങ്കഥയെ വ്യത്യസ്തമാക്കി.

കരുത്തുള്ള എഴുത്തിന്റെ അണിയറയിൽ ആനന്ദ് ഗംഗനും വിഷയങ്ങൾക്ക് പിൻബലമേകുന്ന ഗ്രാഫിക്സ് പുതുമകളിൽ ട്വന്റിഫോർ ഗ്രാഫിക്സ് ടീമും, ക്യാമറയിൽ വിസ്മയമായി അരുൺ എഴുപുന്നയും ഈ പ്രോഗ്രാമിന് വേണ്ടി ഒത്തുചേർന്നു.

അവതരണം: ഡോ.കെ.അരുൺ കുമാർ

# വിശകലനങ്ങളുമായി വിജയകുമാർ



രാഷ്ട്രീയ സംഭവ വികാസങ്ങൾ സത്യസന്ധമായി നിരീക്ഷിക്കുന്ന വാർത്താ അവതാരകനാണ് എസ്.വിജയകുമാർ. ദൃശ്യമാധ്യമ രംഗത്തെ റിപ്പോർട്ടിംഗ് അനുഭവങ്ങളും രാഷ്ട്രീയ വൃത്തങ്ങളുമായുള്ള അടുത്ത ബന്ധവും വിജയകുമാറിന്റെ വിശകലനങ്ങളെ നിഷ്പക്ഷമാക്കുന്നു. ന്യൂസ് ഡെസ്കിലെ സഹപ്രവർത്തകരുടെ സഹകരണത്തോടെ വാർത്തകളുടെ തലക്കെട്ടുകൾ കുറിക്കുംകൊള്ളുന്ന ശൈലിയിൽ വിജയകുമാർ നിർദ്ദേശിക്കുന്നു.

24 വാർത്ത വിജയകുമാറിന്റെ അവതരണ മികവിൽ കൂടുതൽ ജനപ്രിയമാകുന്നു.



# ചക്കപ്പഴം

സംപ്രേക്ഷണ തുടക്കം : 2020 ഓഗസ്റ്റ്

യഥാർത്ഥമായ കുടുംബ നിമിഷങ്ങൾകൊണ്ട് പ്രേക്ഷക സദസുകളെ കൈയ്യിലെടുക്കുകയാണ് ചക്കപ്പഴം ഫാമിലി. ഫ്ളവേഴ്സ് നിർമിക്കുന്ന ഈ കുടുംബ പരമ്പര 'ഉപ്പും മുളകും' പോലെ തന്നെ വൻ ജനപ്രീതിയാർജിച്ച് കഴിഞ്ഞു. പേര് സൂചിപ്പിക്കുന്നത് പോലെ മധുരമുള്ള ഒരു ചക്കപ്പഴം കഴിക്കുന്നതുപോലെയുള്ള അനുഭൂതിയാണ് ഈ പരമ്പര നൽകുന്നത്. ഒരു കൂട്ടുകുടുംബത്തിൽ സംഭവിക്കുന്ന കൊച്ചു കൊച്ചു സംഭവങ്ങളും അതിന്റെ പിന്നാലെ പോയി ചക്ക പോലെ കുടുംബാംഗങ്ങൾ കുഴയുന്നതുമൊക്കെയാണ് ചക്കപ്പഴത്തിന്റെ ഇതിവൃത്തം. ആദ്യാവസാനം വരെ നർമ്മത്തിന്റെ വള്ളിക്കെട്ടുകൾ കൊണ്ട് മുറുക്കി തയ്യാറാക്കുന്ന ചക്കപ്പഴം സംവിധാനം ചെയ്യുന്നത് ഹിറ്റ് മേക്കർ ആർ. ഉണ്ണികൃഷ്ണനാണ്. തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം 6.30നാണ് ചക്കപ്പഴം സംപ്രേക്ഷണം ചെയ്യുന്നത്.



ജനപ്രിയ പരിപാടികളിലൂടെ വിസ്മയിപ്പിക്കാറുള്ള ഫ്ളവേഴ്സിലെ ഏറ്റവും പുതിയ റിയാലിറ്റി ഷോയാണ് 'ഇങ്ങനെ ഒരു ഭാര്യയും ഭർത്താവും'. പ്രശസ്ത അവതാരക രഞ്ജിനി ഹരിദാസ് നയിക്കുന്ന ഷോയിൽ മെന്ററായി രമേഷ് പിഷാരടിയുമെത്തി. വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 12 ദമ്പതിമാരാണ് ജീവിതാനുഭവങ്ങളും രസകരമായ നിമിഷങ്ങളും പങ്കുവയ്ക്കാൻ ഷോയുടെ ഭാഗമായത്.
പല മേഖലകളിൽ നിന്നും വിവിധ കാഴ്ചപ്പാടുകളുമായി ദമ്പതിമാർ എത്തുമ്പോൾ ഇവർക്കൊപ്പം അമ്മമാരും, അമ്മായിയമ്മമാരും മത്സരവേദിയിലെത്തുന്നു എന്നതാണ് 'ഇങ്ങനെ ഒരു ഭാര്യയും ഭർത്താവും' ഷോയുടെ പ്രത്യേകത.

സ്നേഹ നിമിഷങ്ങളും വാശിയേറിയ മത്സരങ്ങളുമായി 'ഇങ്ങനെ ഒരു ഭാര്യയും ഭർത്താവും' പ്രേക്ഷകർക്ക് കാഴ്ചയുടെ വസന്തം തന്നെയാണ് സമ്മാനിച്ചത്. മത്സരാർത്ഥികൾക്ക് ആവേശം പകർന്ന് ആദ്യ എപ്പിസോഡുകളിൽ മലയാള സിനിമയുടെ എക്കാലത്തെയും ജനപ്രിയ നായിക മഞ്ജു വാര്യർ എത്തിയിരുന്നു. ദമ്പതിമാർക്കൊപ്പം നൃത്തവും നിർദേശങ്ങളുമായി മഞ്ജു വാര്യരുടെ സജീവ പിന്തുണയുണ്ടായിരുന്നു.

**(സംപ്രേക്ഷണം 2020 നവംബർ മുതൽ 2021 ജൂൺ വരെ )**



# ഡിജിറ്റൽ ലോകത്ത് മലയാളി തെരയുന്നത് 24 നെ !

മലയാളികൾക്കിടയിൽ രണ്ടു വർഷം കൊണ്ട് വാർത്തയുടെ നല്ല പേരായി മാറിയ 24 ന്റെ വളർച്ച ഡിജിറ്റൽ ലോകത്തും സമാനതകൾ ഇല്ലാത്തതാകുന്നു. വെറും രണ്ടര വർഷം കൊണ്ട് 24 ഡിജിറ്റൽ 70 ശതമാനത്തിലേറെ വളർച്ചയാണ് കൈവരിച്ചിരിക്കുന്നത്. 24 ന്റെ ഓൺലൈൻ ന്യൂസ് പോർട്ടൽ TWENTYFOURNEWS.COMൽ 20.8 കോടി വായനയാണ് ഈ രണ്ടര വർഷത്തിൽ നേടാനായത്.

വാർത്ത അറിയാൻ ലോക മലയാളികൾ ഏറ്റവുമധികം ആശ്രയിക്കുന്നത് 24 ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെയാണ്. യൂട്യൂബ് , ഫേസ്ബുക്, ഓൺലൈൻ പോർട്ടൽ, ടിറ്റർ, ഇൻസ്റ്റാഗ്രാം തുടങ്ങി സാമൂഹ്യമാധ്യമങ്ങളിലാകെ 24ന്റെ സാന്നിധ്യമാണ്. 24ന്റെ ഓൺലൈൻ ന്യൂസ് പോർട്ടൽ TWENTYFOURNEWS.COM ൽ മാത്രം കഴിഞ്ഞ രണ്ടര വർഷത്തിനിടെ 21 കോടിയോളം തവണ വായനക്കാർ എത്തി. കഴിഞ്ഞ 6 മാസത്തെ മാത്രം കണക്കുകളിൽ അത് ഏതാണ്ട് 9 കോടിയോളം ഉണ്ട്. 70 ശതമാനത്തിന്റെ വളർച്ച. മൂന്ന് മിനിറ്റിലേറെ ഓരോ വായനയും നീണ്ടു നിന്നതും വലിയ നേട്ടമാകുന്നു.

UAE, സൗദി, അമേരിക്ക, ഖത്തർ, കുവൈറ്റ് തുടങ്ങി ലോകത്തെ മലയാളികൾ ഉള്ളയിടങ്ങളിലെല്ലാം പോർട്ടൽ വലിയ വാർത്താ സാന്നിധ്യമാണ്.

107 കോടി വ്യൂവർഷിപ്പാണ് 24 മാസം കൊണ്ട് 24 ഫേസ്ബുക്ക് വീഡിയോയിൽ നേടിയത്. 22 ലക്ഷത്തിലധികം പേജ് ലൈക്കുകളുമായി ഫേസ്ബുക്കിൽ 24 നേടിയത് 68 ശതമാനം വളർച്ച. വാർത്തയുടെ തത്സമയ സ്ട്രീമിങ്ങിൽ ലോകത്തിൽ ഏറ്റവുമധികം കാഴ്ചക്കാരുമായി നിരവധി ആഴ്ചകളിൽ 24 ഒന്നാം സ്ഥാനത്ത് നിലയുറപ്പിച്ചിരുന്നു.

കഴിഞ്ഞ 24 മാസത്തിനിടെ 24 ന്റെ യൂട്യൂബ് ചാനലിലൂടെ പ്രേക്ഷകർ കണ്ടത് 8 കോടി 60 ലക്ഷം മണിക്കൂർ ദൃശ്യങ്ങളാണ്. കേവലം രണ്ടര വർഷം പ്രായമുള്ള ഒരു മലയാളം വാർത്താ ചാനലിന്റെ യൂട്യൂബ് സ്ട്രീമിങ്ങിൽ ഇത്രയും മണിക്കൂറുകൾ ജനം ചെലവഴിച്ചത് വാർത്തയുടെ വിശ്വാസ്യത തീർത്ത ചരിത്രമാണ്.

ടിറ്റർ, ഇൻസ്റ്റാഗ്രാം എന്നിവടങ്ങളിലും സമാനമായ വളർച്ച തന്നെയാണ് ഗ്രാഫുകളിൽ കാണുന്നത്. 24 ന്റെ കുതിച്ചു ചട്ടത്തിൽ 24 ഡിജിറ്റലിന്റെ പങ്ക് മലയാള ടെലിവിഷൻ ചരിത്രത്തിൽ പകരം വയ്ക്കാനില്ലാത്തതാണ്



# മാതൃകയാണ് വാർത്തയുടെ ഈ സെഞ്ചുറി

ടെലിവിഷനിൽ പ്രത്യേകിച്ച് വാർത്താ ചാനലിന്റെ കാര്യത്തിൽ ഒരു മാതൃക സൃഷ്ടിക്കുകയെന്നത് അത്ര നിസ്സാരമല്ല. മലയാളത്തിലാകുമ്പോൾ അത് കഠിനം തന്നെ. അത്ര പെട്ടെന്നൊന്നും വകവെച്ചു തരാത്ത മലയാളം ടെലിവിഷൻ വാർത്താലോകത്ത് മാതൃകകളുടെ മാല തന്നെ തീർത്ത് മുന്നേറുകയാണ് 24 . ടെലിവിഷൻ ബോക്സ് ഓഫീസ് ആയ ബാർക്ക് ചുമരുകൾ ആഞ്ഞു കുലുങ്ങിയത് 100 ന്യൂസ് തീർത്ത പ്രകമ്പനം കൊണ്ടാണ്. ബാർക്ക് കുലുങ്ങിയാൽ പിന്നെ ആർക്കും ഇരിക്കപ്പൊറുതി ഉണ്ടാകില്ല. 25 , 50 , 75 വാർത്തകളുമായി എല്ലാവരും ഇറങ്ങി. ഏൽക്കാത്തത് കൊണ്ട് പിന്നെ എണ്ണം പോലും തെറ്റിക്കാതെ 100 വാർത്തകൾ തികച്ചും അയൽക്കാർ പയറ്റുന്നുണ്ട്. 100 ന്യൂസ് മാതൃകയായി എല്ലാം വാർത്താ ചാനലുകളിലും സമാന ബുള്ളറ്റിനുകൾ പ്രത്യക്ഷപ്പെട്ടെങ്കിലും 100 ന്റെ ഒന്നാം സ്ഥാനം മറികടക്കാൻ ആർക്കുമായില്ല.



സംപ്രേഷണം തുടങ്ങിയപ്പോൾ ദിവസേന ആറ് 100 ന്യൂസ് ബുള്ളറ്റിനുകളായിരുന്നു എങ്കിൽ പിന്നീടത് 9 ആയി ഉയർന്നു. മൂന്നോ നാലോ മാത്രം ഉണ്ടായിരുന്ന 100 ന്യൂസ് ഒരു പ്രത്യേക ഡിവിഷന്റെ പരിഗണനയോടെ 15 ലധികം പേരുള്ള ഒരു ന്യൂസ് ഡെസ്ക് ആയി മാറി. 100 ന്യൂസ് വാർത്ത മലയാളിയുടെ ജീവിതത്തിന്റെ ഭാഗമായി എന്ന സത്യത്തെ ഉൾക്കൊണ്ട് അതേ പ്രാധാന്യത്തോടെ തന്നെ വാർത്തകളിലും അത് വിന്യസിക്കുന്നതിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തി. കോവിഡ് പ്രതിസന്ധിയിൽ ലോകം വാർത്തകളെ ഉറ്റുനോക്കിയപ്പോൾ ഏറ്റവുമധികം അപ്ഡേറ്റുകൾ നൽകിയത് 100 ന്യൂസ് ആയിരുന്നു. ദേശീയ അന്തർദേശീയ തലത്തിലെ ഏറ്റവും ചെറിയ വാർത്തകളെ പോലും ഒരു തവണയെങ്കിലും ഉൾപ്പെടുത്തി ലോകമെമ്പാടുമുള്ള മലയാളികൾക്ക് വിവരം കൈമാറുന്ന ദൗത്യത്തിൽ കൃത്യമായ ഇടപെടലായി 100 ന്യൂസ്.

ഒരിക്കൽ പോലും ഒരു സാറ്റലൈറ്റ് വാർത്താ ചാനലിൽ ഇടം പിടിക്കാൻ സാധ്യതയില്ലാത്ത ജനകീയ വിഷയങ്ങൾക്ക് വാർത്തകളുടെ വലിയ ലോകത്തിൽ മുൻനിരയിൽ തന്നെ ഇരിപ്പിടം ഒരുക്കി 100 ന്യൂസ്. പ്രാദേശികമായ ജനങ്ങളുടെ വിഷയങ്ങൾ, പ്രതിസന്ധികൾ, ചെറിയ സന്തോഷങ്ങൾ, പ്രധാന മരണങ്ങൾ, പ്രാദേശിക കാലാവസ്ഥ, മനുഷ്യരും മൃഗങ്ങളുമായുള്ള പോരാട്ടങ്ങൾ നടക്കുന്നയിടങ്ങൾ, പ്രാദേശിക സംസ്കാരിക കേന്ദ്രങ്ങൾ... എല്ലാ വാർത്തയും ലോകമെമ്പാടുമുള്ള മലയാളികൾ കണ്ടറിഞ്ഞു. അധികാരികളിലേക്ക് അവരുടെ പ്രശ്നങ്ങൾ വേഗത്തിലെത്തി.

സാമൂഹ്യ മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന തെറ്റായ വാർത്തകളെ കണ്ടെത്തി നേര് പറഞ്ഞു കൊടുക്കുന്ന ഫാക്ട് ചെക് ടീം 100 ന്യൂസിന്റെ വലിയ ശക്തിയായി. ഇക്കഴിഞ്ഞ രണ്ടു വർഷങ്ങൾ കൊണ്ട് ഫാക്ട് ചെക് പൊളിച്ചടുക്കിയത് മൂവായിരത്തിലധികം വ്യാജ വർത്തകളെയാണ്.

100 ന്യൂസ് മലയാളം ടെലിവിഷൻ വാർത്തകളിൽ ഒരു ഗെയിം ചെയ്ഞ്ചർ ആണ്. കളിയെ മാറിയുള്ളൂ , കിരീടം ഇപ്പോഴും 100 ന് തന്നെ.



# ഓർമകളിൽ ആന്റോ പുത്തിരി

ജീവിതത്തെക്കുറിച്ച് ഇനിയും ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു ആന്റോ പുത്തിരിക്ക്. കൊച്ചി മറൈൻ ഡ്രൈവിലെ അബാദ് മറൈൻ പ്ലാസയിൽ ഒരുമിച്ച് താമസിക്കുമ്പോഴും, രാവിലെ കായൽതീരത്ത് പ്രഭാതസവാരി നടത്തുമ്പോഴും, അതിൽ ചിലതൊക്കെ എന്നോട് പങ്കുവയ്ക്കുമായിരുന്നു. ഫ്ളവേഴ്സിലെ കടവന്ത്രയിലെ ഓഫീസിൽ കർക്കശക്കാരനായ മാർക്കറ്റിംഗ് മേധാവിയുടെ കുപ്പായം അണിയുമ്പോഴും, സ്വകാര്യ ജീവിതത്തിൽ തമാശ പങ്കിടാനും കൂട്ടായ്മകളിൽ ഹൃദയം തുറക്കാനും ആന്റോയ്ക്ക് മടിയുണ്ടായിരുന്നില്ല. ആന്റോ ഈ ലോകത്തോട് വിടപറഞ്ഞ് രണ്ടുവർഷം കഴിഞ്ഞിട്ടും എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ ഓർമ്മകളായി മനസിലുണ്ട്. ഫ്ളവേഴ്സും ചാനൽ ട്വന്റിഫോറും ഒന്നാം സ്ഥാനത്ത് എത്തുന്ന നാളുകൾ ആന്റോയുടെ സ്വപ്നങ്ങളിൽ ഒന്നായിരുന്നു. ‘എന്നിട്ടുവേണം ഓഫീസ് വേഷമെല്ലാം അഴിച്ചുവച്ച് ഒരു ലോകയാത്ര നടത്താൻ’ ആന്റോ പറയുമായിരുന്നു. 24 വാർത്താ ചാനലായി മിഴിതുറക്കും മുമ്പ് കൊച്ചി കായലിൽ ബോട്ടിൽ നടത്തിയ മാർക്കറ്റിംഗ് യോഗം ഓർമ്മവരുന്നു. രാവിലെ മുതൽ തികഞ്ഞ ഗൗരവത്തോടെയായിരുന്നു ആന്റോ. പ്രൊഫഷണൽ രീതിയിൽ തിരിച്ചുംമറിച്ചുമുള്ള ആന്റോയുടെ ചോദ്യങ്ങൾക്ക് മുന്നിൽ പലരും അന്താളിച്ചുനിന്നു. മീറ്റിംഗ് കഴിഞ്ഞ് കലാ പ്രകടനങ്ങൾ തുടങ്ങി, ആന്റോ അപ്പോഴും കാർക്കശ്യഭാവത്തിലായിരുന്നു. പെട്ടെന്നാണ് അതു സംഭവിച്ചത്. പാട്ടിന്റെ ചുവടുകൾക്കൊപ്പം ആന്റോ നൃത്തം ചവിട്ടാൻ തുടങ്ങി. മാനേജിംഗ് ഡയറക്ടർ ശ്രീകണ്ഠൻ നായർ അടക്കം എല്ലാവരും അമ്പരന്നു നിന്നു. പിന്നെ ആന്റോയോടൊപ്പം എല്ലാവരും ആനന്ദനൃത്തത്തിലായി. പലർക്കും അതു വിശ്വസിക്കാനായില്ല. തിരിഞ്ഞു നോക്കുമ്പോൾ എല്ലാം ഒരു സ്വപ്നം പോലെ...

ആന്റോയുടെ ഓരോ ചുവടിലും പ്രഫഷണൽ സമീപനവും ക്ലാസിക് ‘ടച്ചു’മുണ്ടായിരുന്നു.

ബ്രാൻഡഡ് ഷർട്ടുകളും പാന്റ്സും നിർബന്ധമായിരുന്നു. വിലകൂടിയ വാച്ചും ഷൂസുമെല്ലാം ധരിച്ച് നല്ല വേഷവിധാനത്തോടെ മാത്രമേ ആന്റോയെ കാണാനാവൂ. മുംബൈയിൽ വലിയ വീടും ബെൻസ് കാറുമെല്ലാം ആന്റോയുടെ സ്വകാര്യ അഹങ്കാരങ്ങളായിരുന്നു. ഗൾഫ് മോഹങ്ങളുമായി തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമത്തിൽ നിന്ന് മുംബൈയിലെ മഹാനഗരത്തിലേക്ക് വണ്ടികയറിയ ചെറുപ്പക്കാരൻ അതൊക്കെ ആർജിച്ചത് കഠിനാധ്വാനത്തിലൂടെ തന്നെയാണ്. മാധ്യമങ്ങളിലെ പരസ്യരംഗത്ത് ഒരു മാന്ത്രികനായിരുന്നു ആന്റോ. ആന്റോയുടെ മാസ്മരിക വാഗ്ദാനങ്ങളിൽ ഏതൊരു കമ്പനിയും പരസ്യം ചെയ്യാൻ തയ്യാറാവുമായിരുന്നു. അൽപം സിനിമാ കമ്പമുണ്ടായിരുന്നു ആന്റോയ്ക്ക്. ചില പടങ്ങളിൽ പണം മുടക്കി കാശും പോയിട്ടുണ്ട്. അതു കൊണ്ടുതന്നെ സിനിമാക്കാരും കലാകാരന്മാരുമായ സുഹൃത്തുക്കളുടെ വലിയ സഞ്ചയം ആന്റോക്ക് ചുറ്റുമുണ്ടായിരുന്നു. ഓഫീസിൽ നിന്ന് രാത്രി അബാദിലെ ഫ്ളാറ്റിൽ എത്തിയാൽ പ്രിയപുത്രി ഒമ്പതുവയസുകാരിയായ മകൾ അമ്മുവിനെ വിളിക്കുന്നതായിരുന്നു ആന്റോയ്ക്ക് പ്രിയം. മുംബൈയിലെ വീട്ടിലിരിക്കുന്ന മോളുമായി കുശലവർത്തമാനത്തിനോടൊപ്പം അന്നു പഠിപ്പിച്ച പാട്ടും പാടിക്കുമായിരുന്നു. ഭാര്യ ബീനയും ഗായികയാണ്. താൻ ആഗ്രഹിച്ചതൊക്കെ വാങ്ങിത്തന്ന സ്നേഹമായിരുന്നു അച്ഛനെന്ന് അമ്മു ഓർക്കുന്നു.

ആന്റോ അടുത്ത സുഹൃത്തുക്കളോട് പറയുന്ന ഒരു ഉപദേശമുണ്ട്. 'ജീവിതം ആഘോഷമാക്കണം, ഇങ്ങനെയൊന്നും ജീവിച്ചിട്ട് ഒരു കാര്യവുമില്ല. ഒടുവിൽ മൂക്കിൽ പഞ്ഞിവച്ച് കിടക്കുമ്പോൾ ജീവിക്കാൻ പറ്റിയില്ല എന്നു വിഷമിച്ചിട്ട് എന്താ കാര്യം?'. എറണാകുളം മെഡിക്കൽ ട്രസ്റ്റിൽ നിന്ന് വേലൂരിലെ ആന്റോയുടെ ഗ്രാമത്തിലേക്കുള്ള അവസാന യാത്രയിൽ ആംബുലൻസിൽ ഞാൻ അടുത്തിരുന്നു. ആ വാക്കുകൾ കാതുകളിൽ മുഴങ്ങി. എനിക്ക് വിതുമ്പൽ അടക്കാനായില്ല. അപ്പോഴും ആന്റോ നിശബ്ദനായി അതൊന്നും കണ്ടില്ലെന്ന ഭാവത്തിൽ നിത്യ നിദ്രയിലായിരുന്നു.



**പി.പി. ജെയിംസ്**
എഡിറ്റർ ഇൻ ചാർജ്ജ്
ട്വന്റിഫോർ ന്യൂസ്

# കാത്തിരിപ്പ്

***കാത്തിരുന്നു കാത്തിരുന്നു ഞാൻ മെലിഞ്ഞു***
***കാൽകുഴഞ്ഞു ഒരു മതിലിലിരുന്നുപോയ്***
***പച്ച ക്വാളിസിനായി കാത്തിരുന്ന് മിഴിയടഞ്ഞുപോയ്***
***ഓർത്തിരുന്നു ഓർത്തിരുന്നു ഞാനറിഞ്ഞു***
***ഏകനായി ഏറെ നേരമായ്***
***കാലു തരിച്ചുപോയി മതിലിൽ ഇരുന്നു പോയീ***

അടിക്കുറിപ്പ്...
ഈ കവിത വായിക്കുമ്പോൾ എന്റെ നാട്ടുകാരനും കൂട്ടുകാരനുമായ സംവിധായകൻ ആർ.എസ്. വിമലിന്റെ 'എന്ന് നിന്റെ മൊയ്തീനി'ലെ കാത്തിരുന്നു കാത്തിരുന്നു' എന്നു തുടങ്ങുന്ന ഗാനം ഓർമ വന്നാൽ ഞാൻ ധന്യനായി.... കവിതയ്ക്ക് കാരണം കൊവിഡ് കാലത്തെ ഡ്യൂട്ടിക്കായി കാക്കനാട്ടേയ്ക്ക് പോകാൻ വേണ്ടി പച്ച ക്വാളിസിനായി കാത്തിരുന്ന നിമിഷം. ഈ നിമിഷം പകർത്തിയത് അനൂപ് പിള്ള എന്ന 'കള്ളം പറയാത്ത കായംകുളംകാരൻ'

**അമരവിള സതീഷ്**
ചീഫ് പ്രൊഡ്യൂസർ
ട്വന്റിഫോർ ന്യൂസ്





# അന്ന കരീന

## The Ocean Of Love

(സംപ്രേക്ഷണം 2020 സെപ്റ്റംബർ മുതൽ
2021 ഫെബ്രുവരി വരെ )

ചലച്ചിത്ര ടെലിവിഷൻ ആസ്വാദകർക്ക് ഏറെ സുപരിചിതനായ കെ.കെ.രാജീവ് ഫ്ളവേഴ്സിന് വേണ്ടി അണിയിച്ചൊരുക്കിയ സിനിമാ പരമ്പരയാണ് അന്നാ കരീന. അഷ്ടമുടിക്കായലിന്റെ വശ്യമനോഹാരിതയിൽ ഒപ്പിയെടുത്ത അന്നാകരീന സച്ചിയുടെയും അന്നയുടെയും അതിശക്തമായ ആത്മബന്ധത്തിന്റെ കഥയാണ് പറയുന്നത്. പ്രണയ മനസ്സുകളിൽ പൊള്ളലേൽപ്പിക്കുന്ന കഥാ സന്ദർഭങ്ങളും റിയലിസ്റ്റിക്കായുള്ള അവതരണവുമാണ് പരമ്പരയുടെ ഹൈലൈറ്റ്.. മലയാളി മനസ്സുകൾ ഞെട്ടലോടെ മാത്രം ഓർക്കുന്ന കേരളക്കരയിൽ അരങ്ങേറിയ ഒരു യഥാർത്ഥ സംഭവത്തിന്റെ മിനിസ്ക്രീൻ ആവിഷ്കാരംകൂടിയാണ് കെ.കെ.രാജീവിന്റെ അന്ന കരീന.. കാളിദാസ ഇന്റർനാഷണലിന്റെ ബാനറിൽ സന്ധ്യാരാജേന്ദ്രനും ദിവ്യദർശനും ചേർന്ന് നിർമിക്കുച്ച അന്നാ കരീന തിങ്കൾ മുതൽ വെള്ളി വരെ ഫ്ളവേഴ്സിന്റെ ജനപ്രിയ പരമ്പരയിൽ ഒന്നായിരുന്നു.





# ചിറകുള്ള സ്വപ്നം

പ്രശാന്ത് കണ്ണൻ
ക്യാമറമാൻ
ഫ്ളവേഴ്സ്

നേരം നല്ലോണം ഇരുട്ടിയിരിക്കുന്നു! fb യിലെയും whatsapp ലേയും Honey ചാറ്റർജികളൊക്കെ ഉറങ്ങി എന്ന് തോന്നുന്നു, ആരേയും കാണാനില്ല. ദൂരെ എവിടയൊ മദ്രസ്സ കുട്ടികളുടെ പാട്ടു കേൾക്കുന്നുണ്ട്. തിരിഞ്ഞും മറിഞ്ഞും ഒക്കെ കിടന്നു. ഇല്ല.. ഉറക്കം വരുന്നില്ല. ഉറക്കത്തിനും വേണ്ടാതായോ എന്നേ? പിന്നെ വേറെ ഒന്നും നോക്കിയില്ല, കുറച്ചുനേരം ഉമ്മറപ്പടിയിൽ അങ്ങനെ ഇരുന്നു. നല്ല കാറ്റ്, നല്ല നിലാവ് പകലിനേക്കാൾ എത്രയോ സുന്ദരിയാണ് രാത്രി. കുറേ കുറേ സ്വപ്നങ്ങളെങ്കിലും കാണാൻ പറ്റുന്നുണ്ടല്ലോ. തെക്കേ തൊടിയിലെ ചേമ്പു മാന്തുന്ന കാട്ടുപന്നി യുടെ പരവേശം, കരിയിലച്ചപ്പുകൾ പാണൻ പാട്ടുകണക്കേ പാടി അറിയിക്കുന്നുണ്ട്. മുറ്റത്തെ വെട്ടാതെ നിർത്തിയ തേക്കിനിടയിലൂടെ നക്ഷത്രങ്ങളെ കാണാം. അതിലെ രണ്ട് നക്ഷത്രങ്ങളെ മ്മക്ക് നല്ല പരിചയം ആണ്. ഞാനും ഓളും ഒരുമിച്ചു കുറേ നോക്കിയിട്ടുണ്ട് ഈ നക്ഷത്രങ്ങളെ. അതൊരു പാഴ്കിനാവായിരുന്നു.

അറ്റം കാണാനാവാത്ത ജീവിത യാത്രയിൽ പണ്ടെങ്ങോ കണ്ട ഒരു സുന്ദര സ്വപ്നം. അതൊരു മഴവില്ലായിരുന്നൊ എന്നറിയില്ല , അല്ല അതു മഴവില്ലല്ലെന്നു തീർച്ച. മഴവില്ലായിരുന്നെങ്കിൽ അതെന്നോ മനസ്സിൽ നിന്ന് മായുമായിരുന്നു. ആ ഇടങ്ങളിൽ പെയ്യാൻ കൊതിച്ച കാർമേഘങ്ങൾ കൂടുകൂട്ടുമായിരുന്നു. ആകാശത്ത് പലയിടങ്ങളിൽ നിന്നായി പറന്നെത്തി ഒരുമിക്കുന്ന മേഘങ്ങളായിരുന്നൊ. അതോ ഉള്ളിലെ മോഹത്തെ വിവർണങ്ങളിൽ ചാലിച്ച

നൃത്തമാടുന്ന മയിലുകളായിരുന്നോ എന്നും അറിയില്ല! എങ്കിലും ഏറേ വർഷങ്ങൾ കഴിഞ്ഞിട്ടും, മഴയും മഞ്ഞും കാറ്റും വെയിലും മാറി മാറി വന്നിട്ടും, മനസ്സിലലിഞ്ഞ ഈ സ്വപ്നത്തിനു മേലേ കരിനിഴൽ വീഴ്ത്താൻ ഒരു കാലത്തിനും കഴിഞ്ഞില്ല. ഒരുപക്ഷേ വരും കാലങ്ങൾ അതിനെ മനസ്സിൽ നിന്ന് മായിക്കുമായിരിക്കാം. ചിലപ്പോൾ കാലം ആ സുന്ദര സ്വപ്നത്തിന് മോടികൂട്ടുമായിരിക്കാം. ഞങ്ങൾ നടന്നു തെളിഞ്ഞ ചില വഴികളുണ്ട്. ആ വഴികളിൽ ഗുൽമോഹറുകൾ ഉമ്മവയ്ക്കാറുണ്ടായിരുന്നു. ഈ വഴികളിലാണ് കൗമാരങ്ങളുടെ ചുവന്നപൂക്കൾ വിരിഞ്ഞതും കൗതുകത്തിന്റെയും സ്വപ്നങ്ങളുടെയും ലോകത്തേക്ക് ആ പൂക്കൾ പറന്നെത്തിയതും. മുട്ടി ഉരുമി കിന്നാരം പറയുന്ന ഞങ്ങളെ കണ്ട് കണ്ട് ഗുൽമോഹറുകൾ നാണിച്ചു തലതാഴ്ത്താറുണ്ട്. മുട്ടോളം മുടിയുള്ള പത്താം ക്ലാസുകാരിയുടെ ഉണ്ടക്കണ്ണുകൾ കുട്ടന്റെ കണ്ണിലുമ്മവച്ചതും ഈ വഴികളിൽ നിന്നായിരുന്നു.

സുന്ദരി പൂച്ചയുടെ ചുണ്ടിനോട് തോന്നിയ ഇഷ്ടം അവളുടെ നെറ്റിയിൽ ഉമ്മയായി സമ്മാനിച്ചതും ഈ ഗുൽമോഹറുകൾക്കറിയാ മായിരുന്നു. അനിയന്മാരോടു വഴക്കടിച്ചതും, ടീച്ചറുടെ വിരലുകൾ ചെവിമുത്തിച്ചുവപ്പിച്ചതും, ലക്ഷ്മിയ്ക്കും കുട്ടനും കൈ കോർത്തു നടന്നതും ആ വഴികളി ലൂടെ ആയിരുന്നു. എല്ലാം ഒരു ശിലയിൽ കൊത്തിയ ചിത്രകഥ പോലെ ശൂന്യതയിൽ നിന്നും ശൂന്യതയിലേക്ക് കുതിക്കുന്ന ഇണ പിരിഞ്ഞ വേഴാമ്പലിന്റെ ചിറകടി പോലെ ഇന്നും മനസ്സിലങ്ങനെ താളം കൊട്ടുന്നു. എല്ലാം മായുമായിരിക്കാം, മറയുമായിരിക്കാം. മണ്ണോടു ചേരുന്ന നിമിഷം മുതൽ.




**NANDINI R.** (D/O ANUJA DEVI S -SENIOR NEWS EDITOR)
STD: 8, SCHOOL:CHAMPION SCHOOL EDAPAPALLY
**FIRST PRIZE Y'S MEN INTERNATIONAL ALL KERALA INTERSCHOOL YOUTH FESTIVAL NEWS READING മലയാളം**



# ദേശാടനം

ബിജുകുമാർ പി.
ക്യാമറ അസിസ്റ്റന്റ്
ഫ്ളവേഴ്സ്

വയലോരത്തുള്ള തന്റെ വീടിന് മുന്നിൽ കളിച്ചു കൊണ്ടിരുന്ന അവൾ വളരെ യകലെ നിന്നും ആകാശത്തിന്റെ നീലവിരിമാറിലൂടെ കൂട്ടമായെന്തോ ഒഴുകി വരുന്നത് കണ്ടു. മേഘപാളികൾ ഒത്ത് ചേർന്ന് ഒഴുകി നീങ്ങുകയാണോ എന്ന് ചിന്തിക്കുമ്പോഴേയ്ക്കും വയലിന്റെ ഓരത്തേയ്ക്ക് അവ പതിയെ പതിയ്ക്കാൻ തുടങ്ങി. ദേശാടനക്കിളികൾ..

കാലാവസ്ഥ മാറുന്നതിനനുസരിച്ച് കൂട്ടമായെത്തുന്ന വിരുന്നുകാർ. അവൾക്ക് അവർ ഏറെ പ്രിയപ്പെട്ടവരായിരുന്നു. എങ്കിലും വീടോ ബന്ധുക്കളോ ഒന്നും ഇവയ്ക്ക് ഇല്ലല്ലോയെന്ന് ചിന്തിച്ചു കുട്ടി ആ കുഞ്ഞ് മനസ് വേദനിച്ചിരുന്നു. പാഠപുസ്തകങ്ങളിലെ അക്ഷരങ്ങളിലൂടെയും ഗുരുനാഥന്മാരിലൂടെയും വിരുന്നുകാരായ ദേശാടന പക്ഷികളെക്കുറിച്ച് അവൾ കൂടുതൽ മനസിലാക്കി. രാത്രിയും പകലും പതിവുപോലെ മാറി മാറി വന്നുകൊണ്ടിരുന്നു. കാലചക്രത്തിൽപെട്ട് അവളും മുന്നോട്ട് പോയി. ഒപ്പം തന്റെ കുടുംബത്തിന് താങ്ങും തണലുമായി.

എങ്കിലും ഇന്നവൾ തനിച്ചാണ് ജീവിതത്തിന്റെ സായംകാലത്തിലേയ്ക്ക് അവളും ചേക്കേറി കൊണ്ടിരിക്കയാണ്. ഇന്ന് അവളും ഒരു ദേശാടനക്കിളിയായ് മാറിയിരിക്കുന്നു. തിരക്കിട്ട ജീവിതത്തിൽ ഒറ്റപ്പെട്ട് പോയ ഒരു ദേശാടനക്കിളി. ഉറ്റവരുടെ വീടുകളിലേയ്ക്ക് മാസങ്ങളുടെ അവധിയിൽ മാറി മാറി ചേക്കേറേണ്ടി വരുന്ന വെറും ഒരു വിരുന്നുകാരി. ഇപ്പോഴും അവളുടെ മനം നിറയെ പറന്നകലുന്ന ആ ദേശാടനപ്പക്ഷികളുടെ ചിറകടി ശബ്ദം മാത്രം..





# ഫ്ളവേഴ്സ് പ്രീമിയർ ലീഗ്

വീര്യം ചോരാത്ത ആവേശം; മീഡിയ കപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ സുവർണ കിരീടം ചൂടി ഫ്ളവേഴ്സ് ടീം.

ഇടവേളകളെ വിനോദകരവും ആനന്ദകരവുമാക്കുന്നതിലും ശ്രദ്ധ ചെലുത്താറുണ്ട് ഫ്ളവേഴ്സ് കുടുംബാംഗങ്ങൾ. തൊഴിലിനൊപ്പംതന്നെ തൊഴിലിടത്തിൽ വിനോദവും വിജ്ഞാനവും ഉറപ്പുവരുത്തുന്ന പരിപാടികൾക്കും അംഗങ്ങൾ പ്രാധാന്യം നൽകുന്നു. ക്രിയാത്മകതയിൽ മികവു പുലർത്തുന്നതിനോടൊപ്പം തന്നെ കായികരംഗത്തും കൈയടി നേടിയ ഒരു ക്രിക്കറ്റ് ടീം ഉണ്ട് ഫ്ളവേഴ്സ് കുടുംബത്തിൽ. എറണാകുളം പ്രസ് ക്ലബ്ബും തേവര സേക്രട്ട് ഹാർട്ട് കോളേജും സംയുക്തമായി നടത്തിയ മീഡിയ കപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ കിരീടം സ്വന്തമാക്കിയതും ഈ ക്രിക്കറ്റ് ടീം ആണ്. കേരളത്തിലെ വിവിധ മാധ്യമ സ്ഥാപനങ്ങൾ പങ്കെടുത്ത മത്സരത്തിൽ മനോരമ ടീമിനെ ഫൈനലിൽ നേരിട്ടാണ് ഫ്ളവേഴ്സ് ടീം കിരീടം സ്വന്തമാക്കിയത്. മത്സരത്തിൽ ഫ്ളവേഴ്സ് ടീം അംഗം രഞ്ജിത് ലാൽ മാൻ ഓഫ് ദ് മാച്ച് ആയി.

ഗോപൻ, ഫസൽ, വിമൽ, ദിലീപ്, ശ്രീരാഗ്, അരുൺ, രഞ്ജിത്, വിഷ്ണു, സജിൻ, വർഗീസ്, ശ്രീരാജ്, ശ്യാം എന്നിവരാണ് ഫ്ളവേഴ്സ് ക്രിക്കറ്റ് ടീം അംഗങ്ങൾ. കളിക്കളത്തിൽ ആവേശത്തോടെ പോരാടിയ ഈ ടീമിന് മികച്ച പരിശീലനം നൽകിയത് ഫ്ളവേഴ്സ് കുടുംബാംഗം ജോയ് ആണ്. ആവേശപ്പോരാട്ടത്തിൽ മികച്ച സപ്പോർട്ടും പ്രോത്സാഹനവും നൽകി സഹപ്രവർത്തകരും ഒപ്പംനിന്നു. സംസ്ഥാനത്തെ വിവിധ മാധ്യമ സ്ഥാപനങ്ങളിൽ നിന്നും 16 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. 50000 രൂപയും ട്രോഫിയുമാണ് വിജയികളായ ഫ്ളവേഴ്സ് സ്വന്തമാക്കിയത്. എസ് എച്ച് കോളേജ് തേവരയുടെ ഒരു വർഷം നീണ്ടു നിന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെയും പ്രസ് ക്ലബ്ബിന്റെ സുവർണ ജൂബിലിയുടെയും ഭാഗമായിട്ടായിരുന്നു മത്സരം. കൊവിഡ് സാഹചര്യത്തിൽ ഇതിനുശേഷം ടൂർണമെന്റ് നടത്താൻ സാധിച്ചിട്ടില്ല..



അതിസമ്പന്നയും അതി സുന്ദരിയുമായ ഡെയ്സി എന്ന യുവതിയുടെ ജീവിതത്തിൽ അപ്രതീക്ഷിതമായി എത്തുന്ന പ്രണയത്തിൽ നിന്നാണ് പരമ്പര പ്രിയങ്കരിയുടെ കഥ വളരുന്നത്. റോയ് എന്ന യുവാവുമായുള്ള പ്രണയം അവർക്ക് സമ്മാനിച്ചത് ദുരിതങ്ങളുടെ പെരുമഴയായിരുന്നു.ആ ദുരിതക്കാലത്തുനിന്നും ഡെയ്സിയെ കരകയറാൻ സഹായിച്ചത് സോളമനുമായുള്ള വിവാഹമായിരുന്നു .പക്ഷേ വിധി അവരുടെ സന്തോഷങ്ങൾക്ക് വിലങ്ങുതടിയായി. ചില ദുഷ്ടശക്തികളുടെ ഇടപെടൽ സോളമന്റെ ജീവനെടുത്തതോടെ ഡെയ്സി കടുത്ത മാനസിക സമ്മർദ്ദത്തിലാകുന്നു .വേദനകളുടെ നരകയാതന അനുഭവിക്കുന്ന ഡെയ്സിയുടെ ജീവിതവഴികളിലൂടെയാണ് പരമ്പര 'പ്രിയങ്കരി' ഇപ്പോൾ സഞ്ചരിക്കുന്നത്. ബിനു കീഴില്ലം തിരക്കഥയും സംഭാഷണവും നിർവഹിച്ച ഈ പരമ്പരയുടെ ഛായാഗ്രഹണം രാജേഷ് പൂന്തുറയാണ്. നിർമ്മാണം യെസ് വിഷനും സംവിധാനം ബിജു വർഗ്ഗീസ്സും. ഫ്ളവേഴ്സിൽ തിങ്കൾ മുതൽ വെള്ളിവരെ രാത്രി 7.30 ന് ആണ് 'പ്രിയങ്കരി' സംപ്രേക്ഷണം ചെയ്യുന്നത്.

# പ്രിയങ്കരി

**സംപ്രേക്ഷണ തുടക്കം : 2021 മേയ്**



# കോമഡി ഉത്സവം

സംപ്രേക്ഷണ തുടക്കം : 2021 ഒക്ടോബർ

കോമഡിയുടെ കൊടിയേറ്റവുമായി വീണ്ടും ഉത്സവകാലം..
നീണ്ടു പോയ ഒരു ഇടവേളയ്ക്ക് ശേഷം വീണ്ടും
ഫ്ളവേഴ്സിൽ കോമഡി ഉത്സവത്തിന്റെ കൊടിയേറ്റം
പുതിയ പ്രതിഭകളുടെ പുതുമയുള്ള പ്രകടനങ്ങളാണ്
കോമഡി ഉത്സവത്തിന്റെ രണ്ടാം വരവിനെയും ജനപ്രിയമാക്കുന്നത്.
അറിയപ്പെടാത്ത നിരവധി കലാകരന്മാർക്ക് വേദിയൊരുക്കാനും അതിലൂടെ
ജീവിതത്തിന്റെ വഴിത്തിരിവാകാനും കോമഡി ഉത്സവത്തിന്റെ അണിയറ
പ്രവർത്തകർ ഇത്തവണയും ലക്ഷ്യമിടുന്നു.
അർജ്ജുൻ വിളയാടിശേരിലാണ് ഷോ ഡയറക്ടർ.
വിൽസ് ഫിലിപ്പാണ് ഡി.ഒ.പി.



# പുരസ്കാര നിറവിൽ...



**K R GOPIKRISHNAN**
(Executive Editor 24 News)
STATE TELEVISION AWARD FOR BEST INTERVIEWER
PREM NAZIR SMARAKA PURASKARAM



**ANUJA DEVI S**
(Senior News Editor)
BEST NEWS READER 2019
(KERALA STATE AWARD)



**DEEPAK DHARMADAM**
(Senior News Editor)
STATE AWARD FOR KAYIKA
REPORTING- GV RAJA AWARD
PREM NAZIR SMARAKA TV AWARD

# പുരസ്കാര നിറവിൽ...



**SINDHU SREEDHAR**
(Vice President- Head of Programmes)
LOK BANDHU
RAJ NARAYANJI FOUNDATION
REAL SHEROS AWARD



**ANOOP JOHN**
(Executive Producer)
LOK BANDHU
RAJ NARAYANJI FOUNDATION
BEST ENTERTAINING DIRECTOR



**ASWATHY SREEKANTH**
(Artist)
KERALA STATE TV AWARDS 2020



**RAFI**
(Artist)
KERALA STATE TV
AWARDS 2020



**RAJEESH SUGUNAN**
(Chief Manager)
MEDIA CITY INTERNATIONAL
SHORT FILM & DOCUMENTARY FESTIVAL 2021,
BEST EDITOR (COVID SONG)
SOUTH INDIAN CINEMA TELEVISION ACADEMY
BEST EDITOR (SHORT FILM)




**ABHILASH V**
(Senior Video Editor )
SPECIAL JURY MENTION
IFFK-2021



**ARUN P S**
(Senior Cameraman)
KUWJ STATE AWARD-2019




**JAYAN KARTHIKEYAN**
(Assistant Cameraman)
BEST CAMERAMAN
(DRISHYA MADHYAMAM)
KALOLSAVAM-2019



**NITHIL BESTO**
(Senior Manager Graphics)
LOK BANDHU
RAJ NARAYANJI FOUNDATION



**NIKHIL PARMESH**
(Chief Reporter)
AWARD FOR BEST
REPORTER IN STATE SCHOOL
ATHLETIC MEET 2019



**RAJESH R NATH**
(Senior Producer)
QFFK SPECIAL JURY AWARD,



NEWS NIGHT

# ന്യൂസ് നൈറ്റ്

രാത്രി വാർത്തയിലെ പുതുമകൾ

രാത്രി വാർത്തകളിൽ പുതിയ ചുവടുകളുമായി
ന്യൂസ് നൈറ്റ് ട്വന്റി ഫോറിലെ അവതരണ
പരീക്ഷണങ്ങളിൽ വേറിട്ട് നിൽക്കുന്നു.
ഒരു പകലിലെ പ്രധാന വാർത്തകൾ
വിശകലനം ചെയ്യപ്പെടുന്ന
ന്യൂസ് നൈറ്റിന്റെ അവതാരകരായി
ആർ.ശ്രീകണ്ഠൻ നായരോടൊപ്പം
ഡോ.അരുൺകുമാറും
സുജയ പാർവ്വതിയും എത്തുന്നു.

വെള്ളിത്തിരയിൽ സൂപ്പർഹിറ്റായ 'നന്ദനം' എന്ന മലയാള ചലച്ചിത്രത്തിന്റെ രണ്ടാം ഭാഗമായി മിനിസ്ക്രീനിലെത്തിയ പരമ്പര-നന്ദനം. ബാലാമണിയുടെ ആരും പറയാത്ത ആ ബാല്യകാലത്തിലേക്ക് ക്യാമറ തിരിച്ചുവച്ച് വേറിട്ടൊരു പരീക്ഷണ പരമ്പരയായി പ്രേക്ഷക ഹൃദയങ്ങൾ നിറയുന്നു. ഭഗവാൻ കൃഷ്ണനും ബാലാമണിയും തമ്മിലുള്ള ഭക്തി ബന്ധത്തിന്റെ ആഴവും പരപ്പും വരച്ചുകാട്ടുന്ന നന്ദനം, നന്മ തിന്മകളുടെ പോരാട്ടം കൂടിയാണ്. അസുര ജന്മങ്ങളെ തുടച്ചുനീക്കാനായി ശ്രീഗുരുവായുരപ്പനെത്തുന്ന വിസ്മയ നിമിഷങ്ങളാണ് പരമ്പരയുടെ മുഖ്യ ആകർഷണം. മായാമാധവന്റെ മായാലീലകൾ നിറയുന്ന നന്ദനം ഇതിനോടകം തന്നെ മലയാളി പ്രേക്ഷകർ നെഞ്ചേറ്റിക്കഴിഞ്ഞു. ഒരോ സ്വീകരണ മുറിയിലും ഈശ്വര ചൈതന്യം നിറച്ച് മുന്നേറുന്ന കുടുംബ പരമ്പര നന്ദനം തിങ്കൾ മുതൽ വെള്ളി വരെ രാത്രി 7 മണിക്കാണ് സംപ്രേഷണം ചെയ്യുന്നത്. ഫോർ എവർ എന്റർടെയിംസിന്റെ ബാനറിൽ രഘുനാഥാണ് പരമ്പര നിർമിച്ചിരിക്കുന്നത്.

# നന്ദനം

**സംപ്രേക്ഷണ തുടക്കം : 2020 ഓഗസ്റ്റ്**



തുടക്കം മാംഗല്യം



RAJEESH & ANJALI
02/01/2020



UNMESH & MARIA TREESA JOSEPH
16/10/2020



SHALU & AKHILA
23/01/2020



RAMESH IYYER & REMYA
25/01/2021

"THERE IS NO MORE LOVELY, FRIENDLY AND CHARMING RELATIONSHIP, COMMUNION OR COMPANY THAN A GOOD MARRIAGE."

തുടക്കം മാംഗല്യം



MAHESH & UTHRAJA
24/10/2020



VISHNU & ARYA
15/03/2020



NADHIL & SHAHRIN
14/11/2020



CHRISTY & RESHMA
14/06/2020

"THERE IS NO MORE LOVELY, FRIENDLY AND CHARMING RELATIONSHIP, COMMUNION OR COMPANY THAN A GOOD MARRIAGE."

തുടക്കം
# മാംഗല്യം




REEJITH & BINDYA
14/01/2021



JOSEPH SHIJO & ASHA
29/08/2020



ARUN & RESHMA
10/10/2020



SURYA & ARUN
13/09/2020

"THERE IS NO MORE LOVELY, FRIENDLY AND CHARMING RELATIONSHIP, COMMUNION OR COMPANY THAN A GOOD MARRIAGE."

തുടക്കം
മാംഗല്യം



MAHESH & DAIJI
18/11/2020



SREEKUMAR & ANJANA
29/04/2021



ABDUL BASITH &
PRIYA 15/12/2020



JAMSHIYA & SANJAY
22/11/2020

"THERE IS NO MORE LOVELY, FRIENDLY AND CHARMING RELATIONSHIP, COMMUNION OR COMPANY THAN A GOOD MARRIAGE."


തുടക്കം
മാംഗല്യം



ALBIN BABY & JEENA JOSEPH
19/04/2021



GREESHMA &AJI V
26/04/2021



K N DIVYAN & ANGITHA K R
18/08/2021



ANANTHU RAMAKRISHNAN &
SWATHILAKSHMI S
02/05/2021

"THERE IS NO MORE LOVELY, FRIENDLY AND CHARMING RELATIONSHIP, COMMUNION OR COMPANY THAN A GOOD MARRIAGE."

തുടക്കം മാംഗല്യം



NAVAMI & AKHIL
11/07/2020



VISHNUDAS &SREELEKSHMI
20/1/2021



HARI & ATHIRA
13/07/2020

"THERE IS NO MORE LOVELY, FRIENDLY AND CHARMING RELATIONSHIP, COMMUNION OR COMPANY THAN A GOOD MARRIAGE."



ANTONY & SHABANA BENNY
04/08/2021



SANJEEV & ARCHANA
15/07/2021



SALIM MALIK & ASHMY ABUBAKER
15/07/2021



NOUFAL & TABSHEERA MUJEEB
12/09/2021



ARUN & ANJANA
22/04/2021

"THERE IS NO MORE LOVELY, FRIENDLY AND CHARMING RELATIONSHIP, COMMUNION OR COMPANY THAN A GOOD MARRIAGE."

തുടക്കം മാംഗല്യം



BIJUKUMAR & AMRITHA
18/04/2021



EBIN JOSE & SHIJI
30/08/2021



NAYAN & ANJU
17/04/2021



ANU GEORGE &NITHIN GEORGE
18/04/2021

"THERE IS NO MORE LOVELY, FRIENDLY AND CHARMING RELATIONSHIP, COMMUNION OR COMPANY THAN A GOOD MARRIAGE."

സംപ്രേക്ഷണ തുടക്കം : 2021 മാർച്ച്

# ബിസിനസ് രംഗത്തും പ്രതിഭാ വേദിയിലും പെൺകരുത്ത്

ബിസിനസ് രംഗത്തേക്ക് സ്ത്രീകളെയും വ്യത്യസ്ത പ്രതിഭകളുടെ ഉടമകളായ പെൺകുട്ടികളെയും കണ്ടെത്തി കൊണ്ടുവരികയായിരുന്നു ഫ്ളവേഴ്സിലെ 'സംരംഭക', 'മിടുമിടുക്കി' റിയാലിറ്റി ഷോകളുടെ ലക്ഷ്യം. പ്രമേയത്തിലെ പുതുമകൊണ്ട് പ്രേക്ഷകശ്രദ്ധ ആകർഷിക്കാൻ തുടക്കം മുതൽ തന്നെ ഈ ടെലിവിഷൻ ഷോകൾക്ക് സാധിച്ചു.
12 ടീമുകൾ പങ്കെടുക്കുന്ന 'സംരംഭക' യിലൂടെ സ്ത്രീകളുടെ ബിസിനസ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനും മികച്ച സ്ത്രീ സംരംഭകരെ കണ്ടെത്താനും അണിയറ പ്രവർത്തകർക്ക് കഴിഞ്ഞു. 'മിടുമിടുക്കി'യാവട്ടെ പാട്ടിനും ഡാൻസിനും ഫാഷൻ ഷോയ്ക്കും അപ്പുറമുള്ള പ്രതിഭാ പ്രകടനത്തിന്റെ അവസരങ്ങളാണ് പെൺകുട്ടികൾക്ക് നൽകിയത്. സയൻസിലും മെന്റൽ മാത്സിലും കുതിരയോട്ടത്തിലുമൊക്കെ മിടുക്കുള്ള പെൺകുട്ടികളാണ് ഈ ഷോയിലൂടെ പ്രേക്ഷകർക്ക് മുന്നിലെത്തിയത്.


ശ്രീരാജ് ശ്രീകണ്ഠന്റെ ആദ്യ ടെലിവിഷൻ ഷോയാണ് 'മിടുമിടുക്കി' ദിലീപ് ഡേവിഡും സുനിത സി.വി.യുമാണ് 'സംരംഭക'യുടെ ഷോ ഡയറക്ടേഴ്സ്. ഡോ. ബിന്ദു ശിവശങ്കരൻ നായരാണ് ഈ രണ്ട് ഷോകളുടെയും കൺസെപ്റ്റ് & ഡിസൈന് പിന്നിൽ.






# മിടുമിടുക്കി





# വരയും വർണ്ണങ്ങളും





ABRAHAM JOSEPH
MAKEUP ARTIST



## VASUDEV KRISHNAN

S/O Mr,Gopikrishnan
(Executive Editor 24 News)





# *YOU ARE MY FRIEND…*

*Life began, I went through many visages*
*The sun and the moon laughed at me.*
*Strolled on the burning sands,*
*Solitary in the tiring days.*
*Like a downpour in the desert*
*I got and neared for FRIENDSHIP.*
*Gave me a smile, opened thy gate,*
*The gate of heaven where thee awaited me.*
*When I was sobbing in the midst of despair*
*You greeted me with titanic joy*
*Your wordings cheered my heart*
*That beat only for you MY FRIEND.*
*Unloaded my pain, shared my feelings,*
*You were beside me at every turns of my life;*
*Tears rolled down my cheeks,*
*You wiped it with the quill of relief.*
*We are just logs on river.*
*We came alone, the gush changes;*
*Fate split us with no mercy*
*Hopeful to garner someplace.*
*Some hated me, some stared at me*
*And flew away with abandoned memories*
*But you never hurt me, but trusted.*
*Yes, You Are My Friend…*
*The rainbow in heart had colours*
*That lit the lamp of my soul;*
*"Are you also sailing away, leaving this,*
*RAINBOW WITH NO COLOURS…"*



സനീത് കുമാർ വി.എസ്.
ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ
ഫ്ളവേഴ്സ്



ചായയും ചർച്ചയും

Today in HISTORY

അതുക്കും മേലെ

## ഫ്ളവേഴ്സ് ചാനലിനും ട്വന്റിഫോർ ന്യൂസ് ചാനലിനും പിന്നാലെ, വിനോദവും വിജ്ഞാനവും പങ്കുവയ്ക്കാൻ ക്യൂ ടിവിയും

ലോകമെമ്പാടുമുള്ള മലയാളി പ്രേക്ഷകരുടെ ഹൃദയങ്ങളിൽ ചേക്കേറിയ ചാനലാണ് ഫ്ളവേഴ്സ്. ചിരിയും ചിന്തയും സ്നേഹവും നിറച്ച പരിപാടികളിലൂടെ ഫ്ളവേഴ്സ് സ്വീകരണ മുറികളിൽ ഇരിപ്പുറപ്പിച്ചു. ഫ്ളവേഴ്സിന്റെ തന്നെ വാർത്ത ചാനലായ ട്വന്റി ഫോറിന്റെ അതിവേഗ വളർച്ചയും പ്രേക്ഷകർ നോക്കികണ്ടതാണ്. ഇൻസൈറ്റ് മീഡിയ സിറ്റിയുടെ കീഴിലുള്ള ഫ്ളവേഴ്സിനും ട്വന്റി ഫോറിനും പിന്നാലെ പ്രേക്ഷകർ ഇരുകൈകളും നീട്ടി സ്വീകരിച്ചുകഴിഞ്ഞു പുതിയ ഇൻഫർമേറ്റീവ് ഡിജിറ്റൽ ചാനലായ ‘ക്യൂ ടിവി’യും.

വിനോദവും വിജ്ഞാനവും പങ്കുവയ്ക്കുന്ന നിരവധി പരിപാടികളിലൂടെയാണ് ‘ക്യൂ’ പ്രേക്ഷക പ്രീതി നേടുന്നത്. ടുഡേ ഇൻ ഹിസ്റ്ററി, അതുക്കും മേലെ, ചായയും ചർച്ചയും തുടങ്ങിയ പരിപാടികളാണ് ക്യൂ ടിവിയിൽ അരങ്ങേറുന്നത്. രസകരമായ ആവിഷ്കാര ശൈലിയിലൂടെയും പ്രമേയത്തിലൂടെയും ഏറെ വ്യത്യസ്തത പുലർത്തുന്നുണ്ട് ക്യൂ ടിവിയിലെ ഓരോ പരിപാടികളും.

ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട അഞ്ച് പ്രത്യേകതകൾ, ലളിതവും സുന്ദരവുമായ രീതിയിലൂടെ എളുപ്പത്തിൽ കാഴ്ചക്കാർക്ക് മനസിലാക്കി കൊടുക്കുകയാണ് ‘ടുഡേ ഇൻ ഹിസ്റ്ററി’.

ചിരിച്ചും രസിപ്പിച്ചും ആസ്വാദക ഹൃദയത്തിൽ ഇടംനേടിയ സിനിമാ കഥാപാത്രങ്ങൾക്ക് വ്യത്യസ്തവും, ആരും ചിന്തിക്കാത്തതുമായ മറ്റൊരു തലം കൂടി ഉണ്ടെന്ന് പറയുകയാണ് രസകരമായ അവതരണ രീതിയിലൂടെ ‘അതുക്കും മേലെ’ എന്ന പരിപാടി.

സ്ഥിരം ചായക്കടയിലെ സമയം കൊല്ലി ചർച്ചകളിൽ നിന്നും മാറി ലോക അറിവുകളും വിജ്ഞാനങ്ങളും പകരുകയാണ് ‘ചായയും ചർച്ചയും’ എന്ന ഇൻഫോർമേറ്റിവ് വെബ് സീരീസ്. ‘ചായയും ചർച്ചയും’ സംവിധാനം ചെയ്യുന്നത് രാഗേഷ് വി.കെ. ആണ് പ്രേക്ഷകുടെ ഹൃദയതാൽപര്യങ്ങൾക്ക് അനുസരിച്ചാണ് ക്യൂ ടിവിയിലെ ഓരോ പരിപാടികളും ഒരുക്കിയിരിക്കുന്നത്.. കൃത്യതയാർന്ന അറിവുകളും വിശേഷങ്ങളും രസകരമായ രീതിയിലൂടെ പ്രേക്ഷകരിലേക്ക് എത്തിക്കുക എന്നതാണ് ക്യൂ ടിവി ലക്ഷ്യം വയ്ക്കുന്നത്.

# REMINISCENCE






# കാഴ്ചയും യാഥാർത്ഥ്യവും



മഞ്ജു ബെന്നി
ജേർണലിസ്റ്റ് ട്രെയിനി
ടാന്റിഫോർ

എന്റെ കണ്ണുകൾ കൊണ്ട്
ശ്യൂന്യതയിൽ നോക്കി.
എന്നെ കണ്ടില്ല...
തെളിഞ്ഞ ജലാശയത്തിൽ,
പ്രകാശത്തിന്റെ സഹായത്താൽ
ഞാൻ എന്നെ കണ്ടു.
സ്ഫടികതുല്യമായ കണ്ണാടിയിലും
ഞാൻ എന്നെ കണ്ടു...
ഈ ചിത്രങ്ങളിലൊന്നും
എന്റെ ജീവിതത്തെ കണ്ടില്ല
അനുദിനം നമ്മുടെ സ്വപ്നങ്ങൾ
കാറ്റിൽ നിറച്ച ബലൂൺപോലെയാണ്
ജീവിതത്തിലെ അനുഭവങ്ങൾ
നെല്ലിക്കയുടെ രുചിപോലെയാണ്
ചവർപ്പുണ്ടെങ്കിലും അൽപ്പം
ജലം ചേർക്കുമ്പോൾ അത്
മധുരമാകുന്നു....
ഇന്നലകളിലെ ദാരിദ്ര്യം
വിജയം ആർജിക്കുന്നതിനുള്ള
ചൂണ്ടുപലകയാണ്...
പിഞ്ചുമുഖങ്ങൾ എന്നിലെ
സ്നേഹത്തെ വർധിപ്പിക്കുന്നു
പനീർ പൂവുകളിൽ
സ്നേഹമാം മുഖങ്ങൾ കാണുന്നു
ബാല്യ സ്മരണകൾ
പല മുഖങ്ങൾ ഓർത്തിടുന്നു.
പുത്തൻ അറിവ് നൽകിടുന്നു.
എൻ അനുഭവങ്ങൾ
മരണമെന്ന ഭയത്തെ
എന്നിൽ നിന്ന് അകറ്റുന്നു
ജീവിതത്തിൻ വിഥീയിൽ
വഴിവിളക്കായെൻ
പാഠങ്ങൾ എന്നെ അനുഗമിക്കുന്നു.



# കരിയിലയും കാറ്റും



**വിഷ്ണുദാസ് സി.എസ്.**
ബ്രോഡ്കാസ്റ്റിംഗ് എഞ്ചിനീയർ
ട്വന്റിഫോർ ന്യൂസ്


അതൊരു മഞ്ഞുകാലം ആയിരുന്നു. ഇലകൾ കൊഴിഞ്ഞ് പുതിയ നാമ്പുകൾ തളിർക്കുന്ന കാലം. ആ മഞ്ഞുകാലത്ത് കുറേ ഇലകളോടൊപ്പം അവനും ഉണ്ടായി. ആ തണ്ടിൽ അവനും ഒന്ന് രണ്ട് പേരും മാത്രം. അവർ ഒരുമിച്ച് കളിചിരിയുമായി വളർന്നു വന്നപ്പോൾ അവന് ലോകം ചുറ്റാൻ ഒരു മോഹം, ആ മോഹം അവന്റെ കൂട്ടുകാരോട് പറഞ്ഞു. കൂട്ടുകാർ പറഞ്ഞു എന്തു വ്യാമോഹമാണ്, നിനക്ക് ഇവിടുന്ന് ഒരിക്കലും അനങ്ങാൻ പോലും കഴിയില്ല. ഒടുവിൽ അവൻ തന്റെ മോഹത്തെ കുറിച്ച് അമ്മ മരത്തോട് പറഞ്ഞു. അമ്മ മരം പറഞ്ഞു, മോനേ നീ എന്നിൽ നിന്ന് അടർന്നു പോകുന്ന കാലം നല്ലൊരു കൂട്ട് കിട്ടുകയാണങ്കിൽ നിനക്ക് ലോകം മുഴുവൻ കാണാം. അങ്ങനെ അവൻ നല്ലൊരു കൂട്ടിനായ് പലരേയും സമീപിച്ചു, കിളികൾ പറഞ്ഞു, നീ ആരാണ് എന്നോട് കൂട്ടുകൂടാൻ. അണ്ണാൻ തുടങ്ങി അങ്ങനെ പലരും അവനെ തഴഞ്ഞു. അവൻ വീണ്ടും പരാതിയുമായി അമ്മ മരത്തിന്റെ അടുത്തെത്തി. അമ്മ മരം അവന് കാറ്റിനെ പരിചയപ്പെടുത്തി. കാറ്റിനോട് അവൻ പറഞ്ഞു, എന്റെ കൂടെ നീ ഉണ്ടെങ്കിൽ എനിക്ക് ഈ ലോകം മുഴുവൻ ഒന്നു കറങ്ങി വരാം, കാറ്റ് സമ്മതം മൂളി. അവൻ അമ്മ മരത്തോട് യാത്ര പറഞ്ഞ് കാറ്റിന്റെ കൂടെ ലോകം ചുറ്റാൻ ഇറങ്ങി. കാറ്റിന്റെ വേഗത്തിനനുസരിച്ചായി അവന്റെ വേഗത. കാറ്റും അവനുമായ് പ്രണയത്തിലായി. മഴ പെയ്യുമ്പോൾ അവനെ കാറ്റ് സുരക്ഷിത സ്ഥാനത്ത് ഒളിപ്പിച്ചു.

അങ്ങനെ കാറ്റിന്റെ തോളിലേറി അവൻ യാത്ര തുടർന്നു. മഴയിൽ നിന്നും വെയിലിൽ നിന്നും മഞ്ഞിൽ നിന്നും അവനെ കാറ്റ് സംരക്ഷിച്ചുവെങ്കിലും അമ്മ മരത്തിന്റെ ലാളന കിട്ടാതെ അവൻ കരിഞ്ഞു തുടങ്ങിയിരുന്നു. അത് തിരിച്ചറിഞ്ഞ കാറ്റ് അവനെ വേഗത്തിൽ ലോകം ചുറ്റിക്കാനായ് ആഞ്ഞ് വീശി, എന്നാൽ കാലം പോകും തോറും അവൻ പ്രായമേറി കരിയിലയായി മാറിയിരുന്നു. എന്നാലും കാറ്റ് അവനെ ഉപേക്ഷിച്ചില്ല. അവനെയും തോളിലിരുത്തി യാത്ര തുടർന്നു. ഒടുവിൽ ഒരു പെരുമഴക്കാലത്ത് അവൻ കാറ്റിനോട് വിട പറഞ്ഞ് ഭൂമിയിൽ അലിഞ്ഞു ചേർന്നു. എന്നാൽ അവൻ ഭൂമിയിൽ അലിഞ്ഞ് ചേർന്നതറിയാതെ കാറ്റ് ഇപ്പോഴും വീശിക്കോണ്ടിരിക്കുന്നു അവനെ ലോകം ചുറ്റിക്കാനായി.

# ആദരാഞ്ജലികൾ




AMBIKA DEVI
*MOTHER OF*
*SMT.USHA SREEKANDAN NAIR*



BALAKRISHNA KURUP V
*FATHER OF*
*MS.KARTHIKA B KURUP*



JOSE M P
*FATHER OF*
*MS. ASHLY JOSE*




K M BERAN
*FATHER OF*
*MR.KUREEKUZHI BERAN RAFEEQ*




KRISHNA JAISWAL
*FATHER OF*
*MR.PAWAN KUMAR JAISWAL*




MANUEL K J
*FATHER OF*
*MR.KURIACHAN MANUEL*



MARTHA PATHROSE
*MOTHER OF*
*MR.PP JAMES*



MP THAMPI
*FATHER OF*
*MR.THANESH THAMPI*



R SURENDRANATHA KURUP
*FATHER OF*
*MR.RAMKUMAR S*

# ആദരാഞ്ജലികൾ



**SHOBANA MOHAN**
*MOTHER OF*
*MR.SYAM MOHAN*



**VELAYUTHAN**
*FATHER OF*
*MR.DEEPAK*



**SUDHARMA**
*MOTHER OF*
*MR. RATHEESH M R*



**JANARDHANAN.CS**
*FATHER OF*
*MS.JISHITHA*



**SUBRAHMANYAN T.S**
*FATHER OF*
*MR.SAUMESH*



**P SAHADEVAN**
*FATHER OF*
*MR.ARUNDEV*



**T K RAJAMMA**
*MOTHER OF*
*MR. RAJESH V R*



**MURALIDHARAN NAIR**
*FATHER OF*
*MR. MIDHUN M NAIR*



**SADASIVAN PILLAI**
*FATHER OF*
*MR. ANIL C S*

## ആദരാഞ്ജലികൾ

ചമയങ്ങളില്ലാത്ത ലോകത്തേക്ക് യാത്രയായ
പ്രിയസഹപ്രവർത്തകൻ



# പി. ജയചന്ദ്രൻ

( മേക്കപ്പ്മാൻ, ഫ്‌ളവേഴ്‌സ് )

ആദരാഞ്ജലികളോടെ...
ഫ്ളവേഴ്സ്, ട്വന്റിഫോർ കുടുംബാംഗങ്ങൾ



**ദിൽജിത്ത് സി.ജി**
(റിപ്പോർട്ടർ,ട്വന്റിഫോർ )

ആദരാഞ്ജലികളോടെ...

ഫ്ളവേഴ്സ്, ട്വന്റിഫോർ കുടുംബാംഗങ്ങൾ



**ദിലീപ് കുമാർ. വി.**

(വീഡിയോ എഡിറ്റർ, ഫ്ളവേഴ്സ് )

ആദരാഞ്ജലികളോടെ...

ഫ്ളവേഴ്സ്, ട്വന്റിഫോർ കുടുംബാംഗങ്ങൾ



# ആന്റോ പുത്തിരി

(മുൻ മാർക്കറ്റിംഗ് മേധാവി, IMC)

# കൊറോണ കാലത്തെ
## എൻകൗണ്ടറുകൾ

# ENCOUNTER

വാർത്തകൾ മാത്രമല്ല ലോകവും ആശങ്കയുടെ വൈറസ് ബാധിച്ച് പകച്ചുനിന്ന ദിനങ്ങളിൽ ശരിക്കും ഒരു പോരാട്ടത്തിലായിരുന്നു ട്വന്റിഫോറും. കൊവിഡ് കാലത്തെ എൻകൗണ്ടറുകൾ രാഷ്ട്രീയ വാക്കേറ്റങ്ങൾക്ക് പകരം ജനങ്ങളുടെ ആശങ്കയകറ്റുന്ന ചർച്ചാവേദികളാക്കുവാൻ നമുക്ക് കഴിഞ്ഞു. ചീഫ് എഡിറ്റർ ആർ.ശ്രീകണ്ഠൻ നായർ തന്നെ നേരിട്ടിറങ്ങിയ കൊവിഡുമായുള്ള എൻകൗണ്ടറുകളിൽ പക്വതയുള്ള രാഷ്ട്രീയ നേതൃത്വവും ആരോഗ്യ രംഗത്തെ വിദഗ്ധരും അതിഥികളായെത്തി. അതിഥികളെ സംസാരിക്കാൻ അനുവദിക്കാത്ത ആക്രോശങ്ങളായി മാറിയ രാത്രി ചർച്ചകളിൽ മാതൃകാപരമായ ഒരു മാറ്റത്തിന് തുടക്കമിടുകയായിരുന്നു കൊവിഡ് കാലത്ത് ട്വന്റിഫോർ. ആർ. ശ്രീകണ്ഠൻ നായർക്ക് പുറമേ ട്വന്റി ഫോർ എക്സിക്യൂട്ടീവ് എഡിറ്റർ കെ.ആർ ഗോപീകൃഷ്ണൻ, അസ്സോ.എക്സിക്യൂട്ടീവ് എഡിറ്റർ, ഡോ.അരുൺകുമാറും ന്യൂസ് എഡിറ്റർ സുജയ പാർവതി എന്നിവരും കൊവിഡ് കാലത്തെ എൻകൗണ്ടറുകൾക്ക് സാമൂഹ്യ പ്രതിബദ്ധതയോടെ നേതൃത്വം നൽകി




Good Morning
with R.SREEKANDAN NAIR
മലയാളികളുടെ സുപ്രഭാതങ്ങളിൽ
ചിരപരിചിതമായ ചിരിയും ചിന്തയുമായി
ആർ ശ്രീകണ്ഠൻ നായർ എത്തിയതോടെ
പൊതുവേ നിർജീവമായിരുന്ന വാർത്താ
ചാനലുകളുടെ പ്രഭാത പരിപാടികൾ
പ്രൈംടൈം പ്രാധാന്യത്തിലേക്കാണ്
ഉണർന്നത്. വിനോദവും വിജ്ഞാനവും
ഒത്തുചേരുന്ന വിവിധ വിഭാഗങ്ങളിലാണ്
ട്വന്റിഫോറിലെ പ്രഭാതങ്ങൾ പ്രേക്ഷകനെ
വിളിച്ചുണർത്തുന്നത്.
അവതാരകനുമായി തൽസമയം
സംസാരിക്കുവാൻ
അവസരമൊരുക്കുന്ന വാർത്താ
പ്രഭാതങ്ങൾ പ്രേക്ഷകനും ന്യൂസ്
ചാനലും തമ്മിലുള്ള അകലം
കുറയ്ക്കുകയാണ്
ഓരോ ദിനങ്ങളിലും....!
ഗുഡ് മോർണിംഗ് വിത്ത്
ആർ. ശ്രീകണ്ഠൻ നായർ

FLOWERS

FLOWERS TOP SINGER 2

കോമഡി ഉത്സവം

സംരംഭക

24 TWENTY FOUR

MORNING NEWS

Good Morning

100 NEWS

24 ROUND UP

BREAKING HOURS

24 വാർത്ത

കൗതുക വാർത്തകൾ

ഇന്നത്തെ പ്രധാന വാർത്തകൾ

പ്രാദേശിക വാർത്തകൾ

NEWS EVENING

ENCOUNTER

ന്യൂസ് നൈറ്റ്

GULF FOCUS

AMERICAN DIALOGUE

ARABIA THIS WEEK

WORLD ROUND-UP

INSIGHT MEDIA CITY

FFC

FLOWERS ACADEMY